# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.7/172/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/02/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ജിപി.7/172/2026 തീയ്യതി: 16/02/2026

# തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ആനാട് ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ. ആർ | ഡെപ്യൂട്ടി ഡയറക്ടർ | 17-01-2026 | 24-01-2026 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-01-2026 | 24-01-2026 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി ശാലിനി വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അഭിജിത് ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അൻവർരാജ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എൻ.ശ്രീകല | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി സുനി.ബി.റ്റി | സെക്രട്ടറി | 01-01-2024 | 21-05-2024 |
| ശ്രീമതി പ്രീത.എസ്.നായർ | സെക്രട്ടറി | 22-05-2024 | 08-09-2024 |
| ശ്രീ.ഷിബുകുമാർ.എസ് | സെക്രട്ടറി | 09-09-2024 | 31-03-2025 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുനി.ബി.റ്റി | സെക്രട്ടറി | 01-04-2024 | 21-05-2024 |
| ശ്രീമതി പ്രീത.എസ്.നായർ | സെക്രട്ടറി | 22-05-2024 | 08-09-2024 |
| ശ്രീ.ഷിബുകുമാർ.എസ് | സെക്രട്ടറി | 09-09-2024 | 31-03-2025 |
| ശ്രീമതി പ്രീത.എസ്.നായർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 24-10-2024 |
| ശ്രീമതി ശോഭ.ഒ | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2024 | 31-03-2025 |
| ശ്രീ.ഷാരോൺ.ബിൻ റഷീദ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീ.ജിതിൻ.വി.വി | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി നയന.യു.വി | വി.ഇ.ഒ 1 | 01-04-2024 | 31-03-2025 |
| ശ്രീമതി ബിന്ദു.എസ്.റ്റി | വി.ഇ.ഒ 2 | 01-04-2024 | 31-03-2025 |
| ഡോ.പാർവതി.ജി.നായർ | മെഡിക്കൽ ഓഫീസർ, FHC | 01-04-2024 | 31-03-2025 |
| ഡോ.കീർത്തി.എ.ജെ | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ.വി.ജെ.സെബി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2024 | 31-03-2025 |
| ശ്രീമതി ദീപ്തി.ബി.എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 25-02-2025 |
| ശ്രീമതി സൗമ്യ.പി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-02-2025 | 31-03-2025 |
| ശ്രീമതി വിജിത.എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2024 | 31-03-2025 |
| ശ്രീമതി നീതു.കെ.ജേക്കബ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 11-08-2024 |
| ശ്രീമതി സുബി സോമൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-08-2024 | 12-02-2025 |
| ശ്രീമതി സൗമ്യ മോൾ.യു | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13-02-2025 | 31-03-2025 |
| ശ്രീ.പ്രശാന്ത്.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി റാണി ചിത്ര.എൻ.ആർ | ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി.എസ്. രാമപുരം | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-2 |
| 4 | വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല | 1-1-3 |
| 5 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-4 |
| 6 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ് | 1-1-7 |
| 9 | ബാങ്ക്/ട്രഷറി സ്റ്റേറ്റുമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-1-8 |
| 10 | എം.എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള വരവു ചെലവു തുകകളും AFS പ്രകാരമുള്ള വരവ് ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തു നികുതി - വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുക B-18 Schedule ൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | Income &Expenditure Statement പ്രകാരം വരവിനേക്കാൾ ചെലവ് കൂടുതൽ | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തികനില | 1-3 |
| 16 | ഗ്രാന്റ് വിനിയോഗം - അപാകതകൾ | 1-4-1 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി ആസൂത്രണം | 1-5 |
| 19 | ക്ഷേമപെൻഷനുകൾ | 1-6 |
| 20 | പണം നീക്കിയിരിപ്പ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | സിറ്റിസൺഇൻഫർമേഷൻ ബോർഡ് - കരാറുകാരന്റെ ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയതിന്റെ വിശദാംശം ലഭ്യമല്ല | 1-9-1 |
| 23 | മെറ്റീരിയൽ വർക്ക് പ്രവൃത്തികൾ - അപാകതകൾ | 1-9-2 |
| 24 | ആനാട് നീർത്തടത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താവിന് തൊഴുത്ത് നിർമ്മാണം - അപാകതകൾ | 1-9-3 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | ലേലം - അപാകതകൾ | 1-11 |
| 28 | തൊഴിൽ നികുതി - അപാകങ്ങൾ | 1-12 |
| 29 | ലൈസൻസ് - നടപടിക്രമങ്ങളിൽ വീഴ്ച | 1-13 |
| 30 | വസ്തു നികുതി - അപാകതകൾ | 1-14 |
| 31 | വാടക ഈടാക്കാൻ അവശേഷിക്കുന്നു | 1-15 |
| 32 | പെർമീറ്റ് - അപേക്ഷാഫീസ് ഈടാക്കിയതിൽ കുറവ് | 1-16 |
| 33 | പെർമിറ്റ് ഫീ - രജിസ്റ്റർ - രേഖപ്പെടുത്തലിലെ അപാകതകൾ | 1-17 |
| 34 | രസീത് പ്രകാരമുള്ള വരവ് തുക ഒടുക്കിയതിൽ വ്യക്തതയില്ല | 1-18 |
| 35 | GI പോൾസ് സ്ഥാപിക്കുന്നതിന് വാടക നിശ്ചയിച്ചിട്ടില്ല | 1-19 |

| | | |
|---|---|---|
| 36 | ആയുർവേദ ആശുപത്രിയിലേയ്ക്ക് ജനറേറ്റർ വാങ്ങൽ (എസ്.ഒ.ഒ.40/2025) നടപടിക്രമങ്ങൾ പാലിച്ചില്ല 4,99,900/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു | 1-20 |
| 37 | ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കൾ കരാർ നിബന്ധന പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-21 |
| 38 | കുരുമുളക് കൃഷി പദ്ധതി - 37,500/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - തുക തടസ്സം ചെയ്യുന്നു | 1-22 |
| 39 | വീട് വാസയോഗ്യമാക്കൽ പൊതുവിഭാഗം - ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ല | 1-23 |
| 40 | ബഡ്സ് സ്കൂൾ - അവലോകനം | 1-24 |
| 41 | ഹരിത കർമ്മ സേനയ്ക്ക് യൂണിഫോമും സുരക്ഷാ ഉപകരണങ്ങളും വാങ്ങി നൽകൽ യൂണിഫോമുകളും സുരക്ഷാ ഉപകരണങ്ങളും സ്റ്റോക്കിൽ എടുത്തിട്ടില്ല | 1-25 |
| 42 | പ്രാദേശിക സാമ്പത്തിക വികസനം സ്വയം - തൊഴിൽ വനിതകൾക്ക് - ചെലവ് രേഖകൾ/ മോണിറ്ററിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു - 11,70,000/- രൂപ | 1-26 |
| 43 | അംഗൻവാടികളിലും സർക്കാർ സ്ഥാപനങ്ങളിലും ബയോകംപോസ്റ്റർ ബിന്നുകൾ സ്ഥാപിക്കൽ - തുക കൈമാറിയതിന്റെ രേഖ ലഭ്യമാക്കിയില്ല - 22,032/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 44 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 14,63,305/- രൂപയുടെ ചെലവ് തുക തടസ്സം ചെയ്യുന്നു | 1-28 |
| 45 | യോഗമിനിട്ട്സ് സമയബന്ധിതമായി അംഗീകരിക്കുന്നില്ല | 1-29 |
| 46 | ഹെൽത്ത് ഗ്രാന്റ് അവലോകനം | 1-30 |
| 47 | ജലജീവൻ മിഷൻ - അവലോകനം | 1-31 |
| 48 | കോൺക്രീറ്റിൽ ഉപയോഗിച്ച സ്റ്റീലിന്റെ അളവ് നിശ്ചയിച്ചതിൽ അപാകം - അധികം നൽകിയ 946/- രൂപ തടസ്സപ്പെടുത്തുന്നു | 1-32 |
| 49 | സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിയിലെ അപാകത - അധികം നൽകിയ 1,641/- രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 50 | റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിനായി സ്പെസിഫിക്കേഷൻ അനുവദിച്ചതിലെ അപാകത - അധികം നൽകിയ 650/- രൂപ തടസ്സപ്പെടുത്തുന്നു | 1-34 |
| 51 | എർത്ത് വർക്ക് എക്സ്കവേഷൻ - അപാകത - അധികം നൽകിയ 3,310/- രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 52 | മണൽ ഫില്ലിംഗ് നടത്തിയതിലെ അപാകത | 1-36 |
| 53 | തോട് നിർമ്മാണത്തിനായി നീക്കം ചെയ്ത മണ്ണ് ഉപയോഗപ്പെടുത്തിയില്ല | 1-37 |
| 54 | ഇ-ടെണ്ടർ ഫീ ഒടുക്ക് വിവരങ്ങൾ | 1-38 |
| 55 | റോഡ് നിർമ്മാണത്തിനായി Mix Seal Surfacing - Manual Means - എന്ന പ്രവൃത്തി ഉപയോഗപ്പെടുത്തിയില്ല | 1-39 |
| 56 | അലുമിനിയം പ്രവൃത്തി - അപാകതകൾ | 1-40 |
| 57 | അങ്കണവാടി ദൈനംദിന ചെലവുകൾ പദ്ധതി - ചെലവ് രേഖകൾ ഹാജരാക്കിയില്ല - 12,450/- രൂപ തടസ്സപ്പെടുത്തുന്നു | 1-41 |
| 58 | ശിശു സൗഹൃദ അംഗൻവാടി പദ്ധതി - ബേബി ഫ്രണ്ട് ലി ചെയറുകൾ വാങ്ങിയത് സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തില്ല 25,924/- രൂപ തടസ്സപ്പെടുത്തുന്നു | 1-42 |
| 59 | ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായ പദ്ധതികളുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല - 2,66,849/- രൂപ തടസ്സപ്പെടുത്തുന്നു | 1-43 |
| 60 | സർക്കാർ സ്കൂളുകൾക്ക് ഓഫീസ് ഫർണിച്ചർ വാങ്ങി നൽകൽ പദ്ധതിയിലെ അപാകത 99,989/- രൂപ തടസ്സപ്പെടുത്തുന്നു | 1-44 |
| 61 | പ്രൈമറി ക്ലാസുകളിൽ കുട്ടികൾക്ക് കലാ കായിക പരിശീലനം - ഏഴ് സ്കൂളുകൾക്ക് പദ്ധതിയിലെ അപാകത 5,04,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-45 |
| 62 | പ്രീ പ്രൈമറി പോഷകാഹാര പരിപാടി പദ്ധതിയിലെ അപാകത 2,00,941/- രൂപ തടസ്സപ്പെടുത്തുന്നു | 1-46 |
| 63 | സമഗ്ര വിദ്യാഭ്യാസ പരിപാടി - നിറവ് പദ്ധതിയിലെ അപാകത - 89,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-47 |

| | | |
|---|---|---|
| 64 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മികവിനുള്ള പിന്തുണ പദ്ധതി - 2,500/- രൂപ തടസ്സപ്പെടുത്തുന്നു | 1-48 |
| 65 | സ്കൂളുകളിൽ പ്രഭാത ഭക്ഷണം നൽകുന്നതിന് പാചക പാത്രങ്ങളും ഉപകരണങ്ങളും വാങ്ങി നൽകൽ പദ്ധതി-സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചില്ല - സ്റ്റോക്ക്/വിതരണ വിവരങ്ങൾ ലഭ്യമല്ല - 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു | 1-49 |
| 66 | പ്രീ പ്രൈമറി കുട്ടികൾക്ക് കളി ഉപകരണങ്ങളും പഠനോപകരണങ്ങളും വാങ്ങൽ - സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചില്ല - സ്റ്റോക്ക്/വിതരണ വിവരങ്ങൾ ലഭ്യമല്ല 1,19,600/- രൂപ തടസ്സപ്പെടുത്തുന്നു | 1-50 |
| 67 | സ്കൂളുകൾക്ക് വൈദ്യുത ചാർജ്, ടെലഫോൺ ചാർജ് നൽകൽ - ചെലവ് രേഖകൾ ലഭ്യമല്ല - 1,69,770/- രൂപ തടസ്സപ്പെടുത്തുന്നു | 1-51 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് അവലോകനം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുകയുടെ വിവരം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ആനാട്ഗ്രാമ പഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25.06.2025 തീയതിയിലെ 2(1)നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 04.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആനാട് ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ (പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ), ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ (അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ) എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. സോഫ്റ്റ് വെയറിൽ ഇത് സംബന്ധിച്ച പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ലായെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/19.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഐ.കെ.എം മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ പ്രകാരം Stock In Hand (Inventories) -ൽ 0 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-1-3 വരുമാനവും ചെലവും ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

തൻവർഷത്തെ പ്രവർത്തന ഫലം (പഞ്ചായത്ത് ഫണ്ട്) നിർണയിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല സോഫ്റ്റ് വെയറിൽ ഇത് സംബന്ധിച്ച പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ലായെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/19.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഐ.കെ.എം മായി ബന്ധപ്പെട്ട് അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-4 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2025 |
| 110100102 | Property Tax On Non Residential Building | |
| 110200101 | Profession Tax Institution | |
| 110200105 | Profession Tax Traders | |

അടുത്ത വർഷം ഡിമാന്റ് ജനറേറ്റ് ചെയ്യുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.8/19.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം സമയബന്ധിതമായി ഡിമാന്റ് ജനറേറ്റ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-1-5 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. അടുത്ത വർഷം ചെയ്യുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/19.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത അടുത്ത ഓഡിറ്റിൽ പരിഹരിക്കേണ്ടതാണ്.

## 1-1-6 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് / ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | B-4/B-2 Schedule പ്രകാരം ഗ്രാന്റ് നീക്കിയിരിപ്പ് | B-17 Schedule പ്രകാരം ബാങ്ക് നീക്കിയിരിപ്പ് |
|---|---|---|
| Panchayat Distress Relief Fund | 5,184/- | 14,237/- |
| Joint Ventrue Projects | 13,07,488/- (631482 +647506+28500) | 0 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.8/19.01.2026 ന് പഞ്ചായത്ത് ഡിസ്ട്രസ് റിലീഫ് ഫണ്ടിനത്തിൽ വരവ് വന്ന തുക ജേണൽ ചെയ്യാൻ വിട്ടു പോയതു മൂലം സംഭവിച്ച പിശകാണെന്നും അടുത്ത വർഷം പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജോയിന്റ് വെഞ്ചർ ബാങ്ക് അക്കൗണ്ടിൽ നിന്നും Redemption ഇനത്തിൽ സർക്കാർ തിരിച്ചു പിടിച്ച തുക 12,52,684/- രൂപയാണെന്നും കൂടാതെ 54,804/- രൂപ ഹെഡ് മാറി തെറ്റായി വരവ് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-7 ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്

B-7 Schedule പ്രകാരം ഉള്ള Bidders Earnest Money Deposit, Suppliers Security Deposit, Bidders Security Deposit, Election Deposit, Rent Deposit, Auction Deposit, Water Connection Deposit, Deposit Received For Halls And Auditoriums എന്നിവയിൽ തൻവർഷ നീക്കിയിരിപ്പുകൾ മുൻവർഷത്തേതിലേതു പോലെ തുടരുകയാണ്. അവയിൽ കാലഹരണപ്പെട്ട തുകകൾ ഉണ്ടെങ്കിൽ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. നം. 8/19.01.2026 ന് കാലഹരണപ്പെട്ട തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടി റിപ്പോർട്ട് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി, തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-8 ബാങ്ക്/ട്രഷറി സ്റ്റേറ്റുമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

RP(40b) പ്രകാരം നീക്കിയിരിപ്പുള്ള താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റുമെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. 1 | Rp(40b) പ്രകാരം നീക്കിയിരിപ്പുള്ള ബാങ്ക് സ്റ്റേറ്റുമെന്റ് ലഭ്യമാക്കിയിട്ടില്ലാത്ത ബാങ്ക് അക്കൗണ്ട് | RP(40b) പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|
| 1 | Treasury TSB(0ld)-123 | 0 |
| 2 | Treasury Old -123 | 0 |
| 3 | Indian Bank(Padna Likhna) 7163683376 | 0 |
| | | |

| | | |
|---|---|---|
| 4 | Sub Treasury Joint Venture Old (799013100000047) | 0 |
| 5 | Treasury Joint Venture 799011400001755 | 0 |

ക്രമ നം, 1,2,എന്നിവയിലെ ബാങ്ക് അക്കൗണ്ടുകൾ നിലവിലില്ലായെന്നും 3,4,5 എന്നീ അക്കൗണ്ടുകൾ നിലവിൽ പ്രവർത്തിപ്പിക്കുന്നില്ലായെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. നിലവിലില്ലാത്ത അക്കൗണ്ടുകൾ ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പിൽ തുടരുന്നതിന്റെ കാരണവും ക്രമ നം. 3,4,5 എന്നീ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റുമെന്റും ലഭ്യമാക്കേണ്ടതാണ്.

## 1-1-9 എം.എൻ.ആർ.ഇ.ജി.എസ് ക്യാഷ് ബുക്ക് പ്രകാരമുള്ള വരവു ചെലവു തുകകളും AFS പ്രകാരമുള്ള വരവ് ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

എം.എൻ.ആർ.ഇ.ജി.എസ്. ക്യാഷ് ബുക്ക് പ്രകാരമുള്ള വരവു ചെലവു തുകകളും AFS പ്രകാരമുള്ള വരവ് ചെലവ് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്യാഷ് ബുക്ക് പ്രകാരമുള്ള മുന്നിരിപ്പ് | RP(40a) പ്രകാരമുള്ള മുന്നിരിപ്പ് | ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ് | RP 30 പ്രകാരമുള്ള വരവ് | ക്യാഷ് ബുക്ക് പ്രകാരമുള്ള ചെലവ് | I(14F) പ്രകാരമുള്ള ചെലവ് | ക്യാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് | RP(40b) പ്രകാരമുള്ള നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| 5,849/- | 5,850/- | 14,01,544/- | 13,93,003/- | 13,22,552/- | 13,22,554/- | 84,841/- | 84,840/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. നം. 8/19.01.2026 ന് മുന്നിരിപ്പിൽ വ്യത്യാസം വന്നത് മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ സംഭവിച്ചു പോയ പിഴവ് കാരണമാണെന്നും വരവിൽ വ്യത്യാസം വരാൻ കാരണം പലിശയിനത്തിലെ വരവ് തെറ്റായ ഹെഡ്ഡിലേയ്ക്ക് ജേണൽ ചെയ്തത് കാരണമാണെന്നും നീക്കിയിരിപ്പിൽ വന്ന ഒരു രൂപയുടെ വ്യത്യാസം അടുത്ത എ.എഫ്.എസിൽ പരിഹരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-10 വസ്തു നികുതി - വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി സംബന്ധിച്ച വാർഷിക കണക്കുകളിലെ തുകകളും രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് (രൂ) | | കളക്ഷൻ (രൂ) | | ബാലൻസ് (രൂ) | |
|---|---|---|---|---|---|---|
| | AFS I-1 പ്രകാരം | സഞ്ചയ പ്രകാരം | AFS പ്രകാരം (RP457) | സഞ്ചയ പ്രകാരം | AFS പ്രകാരം (B-15) | സഞ്ചയ പ്രകാരം |
| Property Tax (Residential) Current | 25,40,998 | 25,40,998 | 22,00,578 | 21,57,246 | 3,60,921 | 3,82,160 |
| Property Tax (Non Residential) Current | 32,50,167 | 32,50,167 | 31,02,892 | 30,88,803 | 1,55,581 | 1,63,327 |

പരിശോധിച്ച് പിന്നീട് അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/19.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-11 ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ ഡെപ്പോസിറ്റ് ചെയ്ത തുക B-18 Schedule ൽ ഉൾപ്പെട്ടിട്ടില്ല

സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം പ്രോജക്ട് നം. 296 ൽ 2,84,725/- രൂപയും പ്രോജക്ട് നം.275 പ്രകാരം 3,90,347/- രൂപയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഹെഡ് കോഡ് 460500204 Advance To Implementing Agencies- Deposit With Ground Water Department ന്റെ ജേണൽ പരിശോധിച്ചതിൽ Proj No.278/25 പ്രകാരം ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 1,41,313/- രൂപ മാത്രമാണ് ചെലവ് ബുക്ക് ചെയ്തിട്ടുള്ളത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/19.01.2026 ന് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മറുപടി തൃപ്തികരമല്ല. അടുത്ത എ.എഫ്.എസിൽ അപാകത പരിഹരിക്കേണ്ടതാണ്.

## 1-1-12 Income &Expenditure Statement പ്രകാരം വരവിനേക്കാൾ ചെലവ് കൂടുതൽ

Income &Expenditure Statement പ്രകാരം ആകെ Income 24,03,35,084/- രൂപയും ആകെ Expenditure 24,07,20,833/- രൂപയുമാണ്. വരവിനേക്കാൾ ചെലവ് കൂടി നിൽക്കുന്നു. തനത് വരുമാനം കുറവുള്ള പഞ്ചായത്ത് ആയത് ആർജ്ജിക്കുന്നതിനുള്ള കർമ്മപരിപാടികൾ വിഭാവനം ചെയ്യുന്നതാണെന്നാണ് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 8/19.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ഭരണ സമിതി തീരുമാനം | ബജറ്റ് അംഗീകരിച്ച തീയതി | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| | 8.2.2024 തീരുമാനം 1(1) | 18.03.2025 തീരുമാനം 1(1) |

| | ബജറ്റ് പ്രകാരം | റിവൈസ്ഡ് ബജറ്റ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 61,38,948 | 89,26,051 | -27,87,103 |
| വരവ് | 49,23,57,400 | 10,70,67,550 | 38,52,89,850 |
| ആകെ | 49,84,96,348 | 11,59,93,601 | 38,25,02,747 |
| ചെലവ് | 49,10,68,000 | 11,24,10,800 | 37,86,57,200 |
| നീക്കി ബാക്കി | 74,28,348 | 35,82,801 | 38,45,547 |

ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 സാമ്പത്തിക വർഷത്തിലെ ആകെ വരവ് 24,03,35,084/- രൂപയും ആകെ ചെലവ് 24,07,20,833/- രൂപയുമാണ്. ബജറ്റ്, റിവൈസ്ഡ് ബജറ്റ്, യഥാർത്ഥ വരവ് ചെലവ് കണക്കുകൾ എന്നിവയിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 9/19.01.2026 ന് തുടർന്നു വരുന്ന ബജറ്റ് കാര്യക്ഷമമായി തയ്യാറാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | ₹2,99,99,394/- |
| വരവ് | ₹8,21,89,923/- |
| ആകെ | ₹11,21,89,317/- |
| ചെലവ് | ₹6,30,51,914/- |
| നീക്കിയിരിപ്പ് | ₹4,91,37,403/- |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകതകൾ

ഗ്രാന്റ് വിനിയോഗം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1. B-4 Schedule പ്രകാരമുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

A) വാർഷിക ധനകാര്യപത്രിക B-4 Schedule പ്രകാരം അവശേഷിക്കുന്ന താഴെപ്പറയുന്ന ഹെഡ്ഡുകളിലെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നവയാണ്. അതിൽ തന്നെ ക്രമ നം. 3, 5 എന്നിവയിലേതൊഴികെയുള്ള തുകകൾ 2023-24ലെ AFSലും ചെലവഴിക്കാതെ അവശേഷിക്കുന്നതാണ്. അവ വിനിയോഗിക്കുകയോ ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. വിശദാംശം ചുവടെ.

| ക്രമ നം | ഹെഡ്ഡ് കോഡ് | തുക ₹ |
|---|---|---|
| 1 | 320100181 | 5,43,670 |
| 2 | 320100193 | 2,579 |
| 3 | 320100198 | 1,68,393 |
| 4 | 320100199 | 20,000 |
| 5 | 320100999 | 11,83,643 |
| 6 | 320200207 | 3,05,503 |
| 7 | 320200399 | 62,500 |
| 8 | 320300102 | 10,000 |
| 9 | 320300103 | 26,84,911 |
| 10 | 320300199 | 19,550 |
| 11 | 320500101 | 3,37,652 |
| 12 | 320700204 | 6,31,482 |
| 13 | 320700205 | 6,47,506 |
| 14 | 320700405 | 28,500 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10/ 19.01.2025 ന് ക്രമ നം. 4,5 6,7, 8, 10 എന്നിവയിലെ തുകകൾ ചെലവഴിച്ചിട്ടുള്ളവയാണെന്നും നോട്ടപ്പിശക് കാരണം ബാധ്യതാ ശീർഷകത്തിൽ നിന്ന് ഇൻകം ശീർഷകത്തിലേയ്ക്ക് മാറ്റാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ക്രമ നം, 1, 2, 3 എന്നിവയിലെ തുകകൾക്ക് പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തുന്നതാണെന്നും ക്രമ നം. 6, 11 എന്നിവയിലെ തുകകൾ കണ്ടെത്തി പിന്നീട് അറിയിക്കുന്നതാണെന്നും ക്രമ നം. 9 ലെ തുക PIG B ഇനത്തിൽ ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകയാണെന്നും ശുചിത്വ മിഷനിൽ നിന്ന ലഭിക്കുന്ന നിർദ്ദേശ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നം. 12, 13, 14 എന്നിവയിലെ തുകകൾ റിഡംപ്ഷൻ ഇനത്തിൽ സർക്കാർ തിരിച്ചു പിടിച്ച തുകയാണെന്നും അടുത്ത വർഷത്തെ എ.എഫ്.എസിൽ ടി തുക ശീർഷകം മാറ്റുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5% തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.

പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട തുക ₹ | അടങ്കൽ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് ശതമാനം(%) |
|---|---|---|---|---|
| വനിത ഘടക പദ്ധതി | 29,90,920 | 93,54,044 | 15,21,678 | 16 |
| കുട്ടികൾ,ഭിന്നശേഷിയുള്ളവർ | 14,95,460 | 42,75,322 | 21,33,542 | 50 |
| വൃദ്ധർ((പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 14,95,460 | 37,83,301 | 20,76,575 | 55 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 10/ 19.01.2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശ പ്രകാരം പ്രത്യേക ഘടകപദ്ധതികൾക്കു വേണ്ടി തുകകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന തുകകൾ ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4) വിവിധ ഫണ്ട് ഇനത്തിൽ, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | എ.സി.ആർ പ്രകാരം ചെലവ് ₹ | വാർഷിക ധനകാര്യ പത്രിക പ്രകാരം (I6+Corresponding Capital Contribution) ₹ |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,20,70,377 | 2,71,57,219 |
| വികസനഫണ്ട് (എസ്.സി.പി) | 62,74,640 | 8,65,64,404 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 50,94,685 | 52,09,975 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 63,41,571 | 64,65,101 |

വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകകളുള്ളതിനാലും ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ്, അൺടൈഡ് എന്നിവയിൽ കോമ്പൻസേഷൻ ഇനത്തിൽ ട്രഷറിയിൽ നേരിട്ട് തുക ട്രഷറിയിലേയ്ക്ക് അനുവദിച്ചതിനാലുമാണ് എ.സി.ഏറിൽ പ്രതിഫലിക്കാത്തതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ്(രൂ) | വരവ്(രൂ) | ചെലവ്(രൂ) | നീക്കിയിരിപ്പ്(രൂ) |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,20,72,158 | 2,71,57,219 | -50,85,061 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 78,92,236 | 65,64,404 | 13,27,832 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 1,05,34,015 | 63,41,571 | 41,92,444 |
| ധനകാര്യകമ്മീഷൻഗ്രാന്റ്(CFC-Untied) | 0 | 47,49,967 | 50,94,685 | -3,44,718 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 77,76,000 | 74,72,334 | 3,03,666 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 1,86,50,000 | 1,83,10,898 | 3,39,102 |
| കേന്ദ്രാവിഷ്കൃത ഫണ്ട്(സി.എസ്.എസ്) | 0 | 0 | 25,46,196 | -25,46,196 |
| സംസ്ഥാനവിഷ്കൃത ഫണ്ട് (എസ്.എസ്.എസ്) | 0 | 0 | 2,00,000 | -2,00,000 |

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള വരവ് തുകയും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള ചെലവ് തുകയുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഗ്രാന്റുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവ് കാണപ്പെടുന്നുണ്ട്.
2. സി.എസ്.എസ്, എസ്.എസ്.എസ് ഫണ്ടിന്റെ വരവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.
3. വെബ്ലാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ (എ.സി.ആറിൽ) നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത ബിൽ തുകകളും ഉൾപ്പെടുന്നുണ്ട്.
4. സി.എഫ്.സി ഫണ്ടുകളിൽ(Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി ആസൂത്രണം

2024-25 സാമ്പത്തിക വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (സുലേഖ ചെലവ് പത്രിക പ്രകാരം).

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതി കൾ | നടപ്പി ലാക്കി യവ | നടപ്പി ലാക്കാ ത്തവ | ആകെ പദ്ധതി അടങ്കൽ (രൂ.) (വായ്പ/ ഗുണഭോക്തൃ | ആകെ പദ്ധതി ചെലവ് (രൂ.) (വായ്പ/ ഗുണഭോക്തൃ | ചെലവു ശതമാനം |
|---|---|---|---|---|---|---|

| | | | | വിഹിതം ഒഴികെ) | വിഹിതം ഒഴികെ) | |
|---|---|---|---|---|---|---|
| സെക്രട്ടറി | 41 | 34 | 7 | 1,20,13,525 | 1,14,82,589 | 95.58% |
| അസിസ്റ്റന്റ് സെക്രട്ടറി | 16 | 16 | 0 | 26,87,227 | 24,75,830 | **92.1%** |
| അസിസ്റ്റന്റ് എഞ്ചിനീയർ | 134 | 109 | 25 | 6,06,11,530 | 3,62,02,482 | 59.7% |
| കൃഷി ഓഫീസർ | 14 | 12 | 2 | 26,65,000 | 22,43,750 | 84.19% |
| വി.ഇ.ഒ. 1 | 16 | 13 | 3 | 4,31,25,750 | 1,07,35,000 | 25% |
| വി.ഇ.ഒ. 2 | 15 | 11 | 4 | 1,43,91,379 | 39,53,252 | 27.46% |
| വെറ്റിനറി സർജൻ | 7 | 7 | 0 | 11,83,570 | 10,39,910 | **87.86%** |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20 | 19 | 1 | 91,11,764 | 71,55,899 | 78.53% |
| എച്ച്.എം. | 16 | 11 | 5 | 45,42,677 | 22,18,281 | 48.83% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 18 | 15 | 3 | 88,93,569 | 54,90,497 | 61.73% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 0 | 5,00,000 | 4,92,164 | 98% |
| മെഡിക്കൽ ഓഫീസർ (ആയൂർവേദം) | 5 | 5 | 0 | 40,00,000 | 39,99,900 | 99% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4 | 4 | 0 | 29,59,087 | 15,27,628 | 51.62% |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 2 | 0 | 88,000 | 48,000 | 54.54% |
| **ആകെ** | **310** | **260** | **50** | **16,67,73,078** | **8,90,65,182** | 53% |

**(ബി) ആകെ വരവ് ചെലവ്**

| ഫണ്ട് | വകയിരുത്തിയ തുക (രൂ.) | ചെലവ് തുക (രൂ.) | ശതമാനം |
|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം (ജനറൽ) | 3,26,41,079 | 2,71,57,219 | 83.1 |
| വികസന ഫണ്ട് – എസ്.സി.പി. | 99,24,671 | 65,64,404 | 66 |
| വികസന ഫണ്ട് –ടി.എസ്.പി | 0 | 0 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 1,96,81,073 | 1,14,36,256 | 58 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1,52,50,965 | 25,46,196 | 16.69 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1,25,08,000 | 2,00,000 | 1.598 |
| തനത് ഫണ്ട് | 2,02,49,058 | 1,19,29,108 | 58.91 |
| മറ്റ് ഗ്രാമ പഞ്ചായത്ത് | 0 | 0 | 0 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 1,53,54,250 | 7,00,838 | 4.56 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 74,77,377 | 21,36,856 | 28.57 |
| മെയിന്റനൻസ് റോഡ് | 91,39,905 | 74,72,334 | 81.75 |
| മെയിന്റനൻസ് നോൺ റോഡ് | 2,19,42,141 | 1,83,10,898 | 83.45 |
| മറ്റുള്ളവ | 3,61,05,313 | 36,10,289 | 9.9 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (രൂ.) (വായ്പ /ഗുണഭോക്തൃ വിഹിതം എന്നിവ ഒഴികെ) | ആകെ പദ്ധതി ചെലവ് (രൂ.) (വായ്പ / ഗുണഭോക്തൃ വിഹിതം എന്നിവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|
| **310** | **260** | **50** | **16,67,73,078** | **8,90,65,182** | 53% |

## 1-6 ക്ഷേമപെൻഷനുകൾ

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂ.) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 72,00,400 | 456 |
| വിധവ പെൻഷൻ | 2,56,41,100 | 2557 |
| വാർദ്ധക്യകാല പെൻഷൻ | 4,34,77,900 | 3912 |
| വികലാംഗ പെൻഷൻ | 67,40,600 | 448 |
| വിവാഹ ധനസഹായം | 2,40,000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,66,800 | 51 |

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ ആനാട് പഞ്ചായത്തിന്റെ 2024-'25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 23.01.2026 തീയ്യതിയിൽ ഉച്ച കഴിഞ്ഞ് 03:10 മണി സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകമായ പതിനെണ്ണായിരത്തി അറുന്നൂറ്റി നാൽപത്തി എട്ട് രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.
സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ആവശ്യമായ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

ഇൻകുമ്പൻസി മാസ്റ്റർ രജിസ്റ്റർ, സേവന പുസ്തക സ്റ്റോക്ക് രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ മുതലായവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. സ്യൂട്ട് രജിസ്റ്റർ, വിവരാവകാശ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നു.
ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ നിലവിൽ എഴുതി സൂക്ഷിക്കുന്നില്ല. ആയത് എഴുതി സൂക്ഷിക്കേണ്ടതാണ്.
വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ട അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.
തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9-1 സിറ്റിസൺഇൻഫർമേഷൻ ബോർഡ് - കരാറുകാരന്റെ ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയതിന്റെ വിശദാംശം ലഭ്യമല്ല

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2024-25 വർഷം നടപ്പിലാക്കുന്ന 126 പദ്ധതികളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് 8.10.2024 ലെ 3/1 നം തീരുമാനം പ്രകാരം ഇ-ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത A&A Agencies മായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. (കരാറിന്റെ പകർപ്പാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ആയതിൽ കരാർ നം. തീയതി എന്നിവ വ്യക്തമല്ല) A.A Agencies പാലാരിമംഗലം 25.02.2025 ൽ നൽകിയ കത്തിൽ ബോർഡിന്റെ സാമ്പിൾ ഹാജരാക്കിയിരുന്നുവെന്നും പ്രസ്തുത ബോർഡ് സ്ഥാപിക്കുന്നത് സ്വീകാര്യമല്ലായെങ്കിൽ ഉചിത നടപടി സ്വീകരിക്കുന്നതിനും ടെണ്ടർ പരിഗണനയിൽ നിന്ന് പ്രസ്തുത സ്ഥാപനത്തെ ഒഴിവാക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. 1.3.2025 ലെ 2(1) നം. തീരുമാന പ്രകാരം എ.എ ഏജൻസീസ് ക്വാട്ട് ചെയ്ത അതേ നിരക്കിൽ തന്നെ (1,799/-) മൂന്നാമത് കുറവ് ക്വാട്ട് ചെയ്തിരുന്ന ഹരിതം ഏജൻസീസ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് സമ്മതിക്കുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കരാർ വച്ച ശേഷം CIB സ്ഥാപിക്കാതെ പിൻവാങ്ങിയ കരാറുകാരന്റെ ഇ.എം.ഡി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയതിന്റെ വിവരം, ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം36/24.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9-2 മെറ്റീരിയൽ വർക്ക് പ്രവൃത്തികൾ - അപാകതകൾ

1.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കോങ്കലിൽ പാണയം നടപ്പാത കോൺക്രീറ്റ് |
| വർക്ക് കോഡ് | 1614004001/RC/344729 |
| Mbook No. | 31/24-25 |
| Agreement No | 006/MGNA/23-24/15.03.2024 |
| കരാറുകാരൻ | ഷിറാസ് |
| എസ്റ്റിമേറ്റ് തുക | ₹12,00,000/- |

1 സ.ഉ.(കൈ) നം.93/2012/Lsgd Dated 31.03.2012 പ്രകാരം MNREGS മെറ്റീരിയൽ വർക്കുകളിൽ, സാധനസാമഗ്രികൾ സൈറ്റിൽ വിതരണക്കാരനിൽ നിന്നും എഞ്ചിനീയർ ഏറ്റു വാങ്ങി മേറ്റിന് കൈമാറുന്ന വേളയിൽ മേറ്റ് സാധന സാമഗ്രികൾ ഏറ്റു വാങ്ങുന്നതിന്റെ ഫോട്ടോ നിർബന്ധമായും എം.ഐസിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. അപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മേൽ ഉത്തരവ് പ്രകാരം എഞ്ചിനീയറുടെ പക്കൽ നിന്നും സാധനസാമഗ്രികൾ ഏറ്റു വാങ്ങുമ്പോൾ അതിനുള്ള കൈപ്പറ്റ് രസീത് മേയ്റ്റ് ഒപ്പിട്ട് എഞ്ചിനീയറുടെ മേലൊപ്പോടു കൂടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അത്തരത്തിലുള്ള കൈപ്പറ്റ് രസീത് ഫയലിനോടൊപ്പം ലഭ്യമല്ല.

2. MNREGS ഓംബുഡ്സ്മാന്റെ 15.10.2024ലെ 311/2024/OBBT/MNREGS നം. ഉത്തരവ് പ്രകാരം മേൽ പ്രവൃത്തിയിൽ എം. ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള 53.86 ഘനമീറ്റർ പ്രവൃത്തിയുടെ സ്ഥാനത്ത് യഥാർത്ഥ അളവായി കണ്ടെത്തിയിട്ടുള്ള 49.38 ഘനമീറ്റർ പ്രവൃത്തിയ്ക്ക് മാത്രമേ തുക അനുവദിച്ചു നൽകാവൂയെന്നും ഇത്തരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയായ 4,78,762.93 രൂപയിൽ നിന്നും 34,611.49 രൂപ കുറവ് ചെയ്ത 44,151.44 രൂപ മാത്രമേ അനുവദിച്ചു നൽകാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സെക്രട്ടറി 8.11.2024 ൽ ആനുപാതികമായി കുറവുകൾ വരുത്തി ബില്ല് എഴുതിയിട്ടുണ്ടെന്ന് എം.ജി.എൻ.ആർ.ഇ.ജി.എ

ഓംബുഡ്സ്മാന് കത്ത് നൽകിയിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തിയ്ക്ക് എം. ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.35/24.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | കോൺവെന്റ് നീറ്റാണി റോഡ് കോൺക്രീറ്റ് |
| വർക്ക് കോഡ് | 1614004001/RC/367775 |
| Mbook No. | 105/23-24 |
| Agreement No | 001/MGNREGA/23-24/25.08.2025 |
| കരാറുകാരൻ | ലാലു ജോസ് |
| എസ്റ്റിമേറ്റ് തുക | ₹3,97,000/- |

1. പ്രസ്തുത പ്രവൃത്തിയുടെ എം. ബുക്ക് പേജ് നം, 1-2 വരെ Surface Dressing And Land Levelling എന്ന ഇനം മെഷർമെന്റ് പാർട്ടിൽ 18.09.2023 ൽ 290m$^3$ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത എം. ബുക്കിന്റെ പേജ് നം.12 ൽ പ്രസ്തുത ഇനം തന്നെ 290m$^3$ 29.09.2023 ൽ മെഷർമെന്റ് പാർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരേ ഇനത്തിന് രണ്ട് വ്യത്യസ്ത തീയതികളിൽ മെഷർമെന്റ് എടുത്ത് എം. ബുക്ക് പാർട്ടിൽ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2. സെക്രട്ടറി 16.01.2025ൽ നൽകിയ A4-5455/2024-25 നം. കത്തിൽ മേൽ പ്രവൃത്തിയുടെ മെറ്റീരിയൽ എൻട്രി ചെയ്തപ്പോൾ എം. ബുക്കിൽ എസ്റ്റിമേറ്റിനേക്കാൾ അധികരിച്ചാണ് അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതെന്നും ആയത് മെറ്റീരിയൽ എൻട്രിയിലും അതേ പോലെ രേഖപ്പെടുത്തിയിരിക്കുകയാണെന്നും മെറ്റീരിയൽ ബിൽ റീ എന്റർ ചെയ്ത് പേമെന്റ് നൽകുന്നതിനായി ഡിലിറ്റ് ചെയ്ത് നൽകണമെന്നും ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് കത്തു നൽകിയിട്ടുണ്ട്. എം.ബുക്കിൽ ബിൽ പാർട്ടിൽ വ്യാപകമായ തിരുത്തൽ വരുത്തിയതായും കാണുന്നു. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം എം. ബുക്കിൽ രേഖപ്പെടുത്തൽ വരുത്തി ആധികാരികമാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.35/24.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-9-3 ആനാട് നീർത്തടത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താവിന് തൊഴുത്ത് നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വാർഡ് 5 ആനാട് നീർത്തടത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താവിന് തൊഴുത്ത് നിർമ്മാണം |
| എം.ബുക്ക് നം, | 294/23-24, 294-2/2025-26 |
| എസ്റ്റിമേറ്റ് തുക | ₹1,50,000/- |

വാർഡ് 5 ആനാട് നീർത്തടത്തിൽ തെരഞ്ഞെടുത്ത ഗുണഭോക്താവിന് തൊഴുത്ത് നിർമ്മാണം എന്ന പ്രവൃത്തിയിൽ ശ്രീമതി അനിതാകുമാരി എന്ന ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനൂകല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് 8.12.2022 ലെ NREGA/41/2022-B1 സർക്കുലർ പ്രകാരം വ്യക്തിഗത ആനുകൂല്യത്തിന് അർഹരായ മുഴുവൻ ഗുണഭോക്താക്കളേയും വിളിച്ചു ചേർത്ത് ഗ്രാമപഞ്ചായത്തു തലത്തിൽ ഗുണഭോക്തൃസംഗമം സംഘടിപ്പിക്കേണ്ടതുണ്ടെന്നും, പ്രസ്തുത ഗുണഭോക്തൃസംഗമത്തിൽ വച്ച് തൊഴിലുറപ്പ് പദ്ധതിയെ സംബന്ധിച്ചും, വ്യക്തിഗത ആസ്തികളുടെ നിർമ്മാണത്തിൽ ഗുണഭോക്താക്കൾ സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചും, ബില്ലുകൾ ഹാജരാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും വിശദീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ഗുണഭോക്തൃസംഗമം സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

2. പ്രസ്തുത സർക്കുലർ പ്രകാരം വ്യക്തിഗത ആസ്തി നിർമ്മാണം സംബന്ധിച്ച ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായി തയ്യാറാക്കണമെന്നും ആയതിന്റെ പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ അപ്രകാരം ജനകീയ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല

3. പ്രസ്തുത സർക്കുലർ പ്രകാരം ഓരോ പ്രവൃത്തിയുടേയും ആരംഭത്തിന് മുൻപായി ഗുണഭോക്താക്കൾക്ക് വർക്ക് ഓർഡർ നിശ്ചിത മാതൃകയിൽ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം ഗുണഭോക്താവിന് വർക്ക് ഓർഡർ നൽകിയതായി കാണുന്നില്ല

4. ഗുണഭോക്താക്കൾ എസ്റ്റിമേറ്റ് പ്രകാരമാണോ നിർവ്വഹണം നടത്തുന്നതെന്ന് സംബന്ധിച്ചും ഉപയോഗിക്കുന്ന സാധനസാമഗ്രികൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടത് ആണോയെന്നും ഉറപ്പു വരുത്തി നിർദ്ദേശങ്ങൾ നൽകിയതായി ഫയൽ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ലഭ്യമാക്കിയ മെറ്റീരിയലുകളുടെ ടാക്സ് ഇൻവോയിസുകൾ എസ്റ്റിമേറ്റിൽ നിന്ന് വ്യത്യാസമുണ്ട്. മേൽ സാഹചര്യത്തിൽ എപ്രകാരമാണ് മെറ്റീരിയൽ തുക നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്.

5. വ്യക്തിഗത ആനുകൂല്യം ലഭ്യമാകുന്ന ഗുണഭോക്താവ് 20,000/- രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് വരുന്ന ആസ്തികൾ ലഭ്യമാകുന്ന അവസരത്തിൽ 200 രൂപയുടെ മുദ്രപ്പത്രത്തിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ ഗുണഭോക്താവുമായി കരാർ ചമച്ചിട്ടില്ല.

6. MNREGS മാസ്റ്റർ സർക്കുലർ ഖണ്ഡിക 7.12.4 പ്രകാരം ചെയ്ത ജോലിയുടെ എല്ലാ അളവുകളും, മെഷർമെന്റ് ബുക്കിൽ (MB) രേഖപ്പെടുത്തണം. കൂടാതെ യോഗ്യതയുള്ള അധികാരി ആയത് അംഗീകരിക്കുകയും ചെയ്യണം. എം.ബുക്കിലെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്ത ജോലിയുടെ മൂല്യനിർണ്ണയം നിർണ്ണയിക്കാനെന്നും

ജോലിയുടെ മൂല്യം അളന്നതിന് ശേഷം മാത്രമേ പണം നൽകാവൂയെന്നും പ്രസ്തുത ഖണ്ഡികയിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. MNREGS മാസ്റ്റർ സർക്കുലർ പ്രകാരം ഒരു പ്രവൃത്തിയുടെ ഓരോ മസ്റ്റർ കാലയളവിനും, മസ്റ്റർ റോൾ ക്ലോസ് ചെയ്ത് 3 ദിവസത്തിനകം അളവെടുത്ത് മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്നിരിക്കെ എം ബുക്ക് 294/23-24 പേജ് നം. 1, 2, 3 എന്നിവയിൽ മസ്റ്റർ റോൾ നം. 22080, 24697, 26070 എന്നിവ പ്രകാരം Unskildled Labour ഇനത്തിൽ നൽകേണ്ട തുകകളുടെ പാർട്ട് ബിൽ പേമെന്റാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എം.ബുക്ക് പേജ് നം. 4 ൽ Item No. 2 Earthwork Excavation --- മുതലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരമുള്ള ഐറ്റം നം. 1 Surface Dressing And Land Levelling-- എം.ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഇനം നിർവ്വഹിക്കാതെ എപ്രകാരമാണ് Item No. 2 നിർവ്വഹിച്ചതെന്ന് വ്യക്തമാക്കേണ്ടതാണ്. എം. ബുക്കിന്റെ ബിൽ പാർട്ടിൽ (എം. ബുക്ക് പേജ് നം. 19) ൽ ഐറ്റം നം. 1 ന്റെ തുക ക്യാരി ഓവർ ചെയ്ത് എഴുതിയിട്ടുണ്ടെങ്കിലും Item Not In Measurement എന്ന് രേഖപ്പെടുത്തി തുക നൽകിയിട്ടില്ല. മെഷർമെന്റ് പാർട്ടിൽ രേഖപ്പെടുത്താത്ത അളവ് ബിൽ പാർട്ടിൽ രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

7. M Book പേജ് നം. 22 പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ആകെ മൂല്യം നിർണ്ണയിച്ചിരിക്കുന്നത് 1,20,519.062 രൂപയാണ് എന്നാൽ 2023-24, 2024-25 വർഷങ്ങളിലായി Unskilled Labour ഇനത്തിൽ 5,994/- രൂപയും മെറ്റീരിയൽ ഇനത്തിൽ 50,371.59 രൂപയും നൽകിയതായാണ് കാണുന്നത്. ആകെ പ്രവൃത്തി മൂല്യം 1,20,519.062 രൂപയായാരിക്കെ 56,365.59 രൂപ മാത്രം പ്രസ്തുത പ്രവൃത്തിയിൽ ചെലവഴിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ക്രമ നം. 1 മുതൽ 5 വരെയുള്ള അപാകതകൾ തൻവർഷം നടപ്പിലാക്കിയ എല്ലാ വ്യക്തിഗത ആസ്തികളുടെ നടത്തിപ്പിലും കാണുന്നു.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 34/ 24.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

## 1-9 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂ) | വരവ് (രൂ) | ആകെ (രൂ) | ചെലവ് (രൂ) | നീക്കിയിരിപ്പ് (രൂ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5,850 | 13,93,003 | 13,98,853 | 13,22,554 | 84,840 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5,02,00,000 | 5,02,00,000 | 50,20,000 | 0 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2020 ജനുവരി | 2019 നവംബർ മുതൽ ഡിസംബർ വരെ | 16.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2017 മാർച്ച് | 2016-17 | 07.09.2018 |

## 1-11 ലേലം - അപാകതകൾ

I) ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഇനങ്ങൾ ലേലം ചെയ്തിട്ടുള്ളതായി കാണുന്നില്ല.

1. ആയുർവേദ ആശുപത്രി പരിസരത്ത് ഉണങ്ങി അപകടകരമായി നിന്ന മരങ്ങളുടെ മുറിച്ചിട്ടിരിക്കുന്ന ശിഖരങ്ങളുടെ ലേലം

2. ചന്ദ്രമംഗലം അംഗനവാടി പരിസരത്തെ തെങ്ങുകളിൽ നിന്നുള്ള മേലാദായം

3. 6-ാം വാർഡിൽ മണ്ഡപത്തിലേയ്ക്ക് പോകുന്ന വഴിയിൽ ഇടത് വശം നിൽക്കുന്ന ആഞ്ഞിലി മരം

4. ഊന്നൻപാറ കൊല്ല അംഗൻവാടിയിലേയ്ക്ക പോകുന്ന വഴിയിൽ നിൽക്കുന്ന മാവ് , പുളി

5. 4-ാം വാർഡിൽ ആനാട് ശക്തിപുരം റോഡിൽ നാലുമുക്ക് എന്ന സ്ഥലത്ത് മുറിച്ചിട്ടിരിക്കുന്ന ഇലവ് മരത്തടികൾ

6. കൊല്ല അംഗൻവാടിയിൽ നിൽക്കുന്ന പുളി, മാവ് എന്നിവയുടെ ലേലം

മേൽപ്പറഞ്ഞവ ലേലം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/20.01.2026ന്) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതും ലേല നടപടികൾ സ്വീകരിച്ച് തുടർനടപടി വിവരം റിപ്പോർട്ടു ചെയ്യേണ്ടതുമാണ്.

2) ലേലത്തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു
ചുള്ളിമാനൂർ മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് ശ്രീ. യൂസഫ് എന്ന വ്യക്തി 13,300/- രൂപയ്ക്ക് ലേലം കൊണ്ടതായാണ് ലേലഡയറിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലേല രജിസ്റ്ററിൽ ആയത് 5,800/- രൂപയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രസീത് നം. 1240101288/22.07.2024 പ്രകാരം മേൽ തുക അടവാക്കിയതായും എന്നാൽ ചുള്ളിമാനൂർ മാർക്കറ്റ് ഗേറ്റ് ഫീ പിരിവ് 13,300/- രൂപയ്ക്ക് ലേലം കൊണ്ടത് കമ്മിറ്റി അംഗീകരിച്ചില്ലായെന്നും അതിനാൽ പുനർലേലം ചെയ്യാൻ തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പുനർലേലം

ചെയ്യിട്ടുണ്ടെങ്കിൽ വിശദാംശം, ടിയാനിൽ നിന്ന് ഈടാക്കിയ 5,800/- രൂപ തിരികെ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/ 20.01.2026 ന് 20.09.2024 ൽ പുനർലേലം നടത്തുകയും ടി വ്യക്തി തന്നെ 15,500/- രൂപയ്ക്ക് ലേലം പിടിച്ചിട്ടുണ്ടെന്നും ആദ്യ ലേലം നടന്നപ്പോൾ അടവാക്കിയ 5,800/- രൂപ രണ്ടാമത് പുനർലേലം നടത്തിയപ്പോൾ ശ്രീ. യൂസഫ് തന്നെ ലേലം കൊണ്ടതിനാൽ വകയിരുത്തുകയും 20.09.2024ൽ രസീത് പ്രകാരം 500/- രൂപയും അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അടവാക്കിയ 6,300/- രൂപ കഴിച്ച് 9,200/- രൂപ ലേലക്കാരനിൽ നിന്ന് പിഴസഹിതം ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതി ഈടാക്കിയത് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**1) നികുതി ഡാറ്റാ ബേസ് പൂർണമല്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കമെന്ന് ആവശ്യപ്പെടാവുന്നതും ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിക്കാവുന്നതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഇപ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/21.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല മറുപടി ലഭ്യമാക്കേണ്ടതാണ്.

**2) നികുതി കുറവായി ഈടാക്കി**

ഗ്രാമപഞ്ചായത്തിൽ 2024-25 വർഷത്തിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 27.6.2024ലെ സ.ഉ.(സാധാ) നം.1149/2024/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് നികുതി ഈടാക്കിയിരിക്കുന്നത് എന്ന് കാണുന്നു.. 2024-25 രണ്ടാം അർദ്ധവർഷത്തെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര്/ഉദ്യോഗപ്പേര് | അർദ്ധ വാർഷിക വരുമാനം (രൂ) | ഈടാക്കേണ്ട തുക (രൂ) | ഈടാക്കിയ തുക (രൂ) | കുറവ് (രൂ) |
|---|---|---|---|---|---|---|
| 1 | കുടുംബാരോഗ്യകേന്ദ്രം, ആനാട് | ദീപ, ലാബ് അസിസ്റ്റന്റ് | 60,000 | 750 | 600 | 150 |
| 2 | BVDM Pvt ITI | സുനില. ജെ, ഇൻസ്ട്രക്ടർ | 72,600 | 750 | 600 | 150 |
| | | സീന. എസ്.എസ് | 52,800 | 750 | 450 | 300 |
| | | രതീഷ് കുമാർ.ആർ | 51,000 | 750 | 450 | 300 |
| | | മിനിലാൽ. എസ്.ആർ | 51,000 | 750 | 450 | 300 |
| | | മുഹമ്മദ് യാസിൻ | 51,000 | 750 | 450 | 300 |
| | | സന്ദീപ്. യു.എസ് | 51,000 | 750 | 450 | 300 |
| | | പാർവതി എൻ.എം | 51,000 | 750 | 450 | 300 |
| | | രേഷ്മ വിജയൻ | 51,000 | 750 | 450 | 300 |
| 3 | ക്രിസ്തു ജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂൾ | മഞ്ജു, പ്രിൻസിപ്പാൾ | 54,000 | 750 | 450 | 300 |
| | | സിനി. സി.ദാസ് , വൈസ് പ്രിൻ സിപ്പൽ | 54,000 | 750 | 450 | 300 |
| | | ബിന്ദു.സി,ടീച്ചർ | 43,200 | 600 | 300 | 300 |
| | | ലയ രാജ്ടീച്ചർ | 43,200 | 600 | 300 | 300 |
| | | രമ്യ. വി.എസ്, ടീച്ചർ | 43,200 | 600 | 300 | 300 |
| | | ശുഭകുമാരിടീച്ചർ, | 43,200 | 600 | 300 | 300 |
| | | മേരി ജൂഡി അനിതടീച്ചർ, | 43,200 | 600 | 300 | 300 |
| | | ജയലക്ഷ്മി, ടീച്ചർ, | 43,200 | 600 | 300 | 300 |
| | | സിന്ധു.എസ്, ടീച്ചർ | 43,200 | 600 | 300 | 300 |
| | | ഉഷ. സി, ടീച്ചർ | 43,200 | 600 | 300 | 300 |
| | | സന്ധ്യ.എ.എസ്, ടീച്ചർ | 43,200 | 600 | 300 | 300 |
| | | സതി ദേവി,ടീച്ചർ | 43,200 | 600 | 300 | 300 |
| | | ശ്രീന, ടീച്ചർ | 43,200 | 600 | 300 | 300 |

| | | | | |
|---|---|---|---|---|
| രമ്യ. എൽ.എസ്, ടീച്ചർ | 43,200 | 600 | 300 | 300 |
| ലക്ഷ്മി നായർ , ടീച്ചർ | 43,200 | 600 | 300 | 300 |
| ജോളിമോൾ, ടീച്ചർ | 43,200 | 600 | 300 | 300 |
| കുമാരി ശോഭ, ടീച്ചർ | 43,200 | 600 | 300 | 300 |
| ഷീബ ഷെറിൻ, ടീച്ചർ | 43,200 | 600 | 300 | 300 |
| സുമ.ജി. നായർ, ടീച്ചർ | 43,200 | 600 | 300 | 300 |
| സുജാത കുമാരി, ടീച്ചർ | 43,200 | 600 | 300 | 300 |
| ആതിര രാജ്,ടീച്ചർ | 43,200 | 600 | 300 | 300 |
| സരിത, ടീച്ചർ | 43,200 | 600 | 300 | 300 |
| ആർദ്ര പ്രിയങ്ക, ടീച്ചർ | 43,200 | 600 | 300 | 300 |
| ജെസി, ടീച്ചർ | 43,200 | 600 | 300 | 300 |
| സ്വപ്ന, ടീച്ചർ | 43,200 | 600 | 300 | 300 |
| ആര്യ. പി. നായർ, ടീച്ചർ | 43,200 | 600 | 300 | 300 |
| വിസ്മയ, ടീച്ചർ | 43,200 | 600 | 300 | 300 |
| സൽമ എ ഷഫീർ, ടീച്ചർ | 43,200 | 600 | 300 | 300 |
| സുനിൽ രാജ്.ആർ, ക്ലർക്ക് | 43,200 | 600 | 300 | 300 |
| റുമി. ആർ, ലൈബ്രേറിയൻ | 43,200 | 600 | 300 | 300 |
| സുജ, ഓഫീസ് സ്റ്റാഫ് | 43,200 | 600 | 300 | 300 |
| ഉഷ. ആർ, സ്വീപ്പർ | 42,000 | 600 | 300 | 300 |
| തങ്കമണി, സ്വീപ്പർ | 42,000 | 600 | 300 | 300 |
| മഞ്ജു. എൻ, സ്വീപ്പർ | 42,000 | 600 | 300 | 300 |
| നിർമ്മല. സ്വീപ്പർ | 42,000 | 600 | 300 | 300 |
| കുഞ്ഞുമോൾ, സ്വീപ്പർ | 42,000 | 600 | 300 | 300 |
| ദേവിക, ടീച്ചർ | 43,200 | 600 | 300 | 300 |
| ശരണ്യ, ടീച്ചർ | 43,200 | 600 | 300<br>300 | 300 |
| സീന. ടി.വി,ടീച്ചർ, | 43,200 | 600 | 300 | 300 |
| ബെൻസി, ടീച്ചർ | 43,200 | 600 | 300 | 300 |
| ശ്രുതി ചന്ദ്രൻ, ടീച്ചർ | 43,200 | 600 | 300 | 300 |
| സുജ.വി.എസ് ടീച്ചർ, | 43,200 | 600 | 300 | 300 |
| അഞ്ജലി. വി.എസ്, ടീച്ചർ | 43,200 | 600 | 300 | 300 |
| ലീല, ടീച്ചർ | 43,200 | 600 | 300 | 300 |
| ആര്യ.എസ്, ടീച്ചർ | 43,200 | 600 | 300 | 300 |
| തങ്കരാജ്, ഡ്രൈവർ | 42,000 | 600 | 300 | 300 |
| രാജൻ.ജിഡ്രൈവർ | 42,000 | 600 | 300 | 300 |
| ജോസ് രാജ്ഡ്രൈവർ , | 42000 | 600 | 300 | 300 |
| സണ്ണി, ഡ്രൈവർ, ഡ്രൈവർ | 42,000 | 600 | 300 | 300 |
| എ.ടി ജോസ്ഡ്രൈവർ , | 42,000 | 600 | 300 | 300 |
| വിനോദ്ഡ്രൈവർ , | 42,000 | 600 | 300 | 300 |
| അനുമോൻ, ഡ്രൈവർ | 42,000 | 600 | 300 | 300 |
| സാദം, ഡ്രൈവർ | 42,000 | 600 | 300 | 300 |
| ലിജു, ഡ്രൈവർ | 42,000 | 600 | 300 | 300 |
| മണിയൻഡ്രൈവർ , | 42,000 | 600 | 300 | 300 |

| | | | | | | |
|---|---|---|---|---|---|---|
| | | ബേബി, ഡ്രൈവർ | 42,000 | 600 | 300 | 300 |
| | | ഷിജു, ഡ്രൈവർ | 42,000 | 600 | 300 | 300 |
| | | സ്റ്റെല്ല, ക്ലീനർ | 36,000 | 600 | 300 | 300 |
| | | ബിന്ദു. ജെ, ക്ലീനർ | 36,000 | 600 | 300 | 300 |
| | | ബിന്ദു ബാബു, ക്ലീനർ | 36,000 | 600 | 300 | 300 |
| | | ,സിമി, ക്ലീനർ | 36,000 | 600 | 300 | 300 |
| | | സ്റ്റാൻലി, ക്ലീനർ | 36,000 | 600 | 300 | 300 |
| | | രവീന്ദ്രൻ, ക്ലീനർ | 36,000 | 600 | 300 | 300 |
| | | ആതിര, ക്ലീനർ | 36,000 | 600 | 300 | 300 |
| | | സുഫിന, ക്ലീനർ | 36,000 | 600 | 300 | 300 |
| | | വിനീത, ക്ലീനർ | 36,000 | 600 | 300 | 300 |
| | | ക്രിസ്റ്റൽ ഭായി, ക്ലീനർ | 36,000 | 600 | 300 | 300 |
| | | അൽഫോൺസാ, ക്ലീനർ | 36,000 | 600 | 300 | 300 |
| | | സിന്ധു, ക്ലീനർ | 36,000 | 600 | 300 | 300 |
| 4 | വിമല ഹൃദയ കോൺവെന്റ് ഇ.എം.എൻ നഴ്സറി, ചുള്ളിമാനൂർ | ശ്രീജ.ഒ, ടീച്ചർ | 60,200 | 750 | 600 | 150 |
| | | മഞ്ജു ബൈജു, ടീച്ചർ | 54,200 | 750 | 450 | 300 |
| | | സീമ ലെനിൻ, ടീച്ചർ | 54,200 | 750 | 450 | 300 |
| | | ശ്രീജ ജോസ്, ടീച്ചർ | 45,200 | 750 | 450 | 300 |
| | | ദിവ്യ. എൽ, ടീച്ചർ | 45,200 | 750 | 450 | 300 |
| | | അർച്ചന. ആർ, ടീച്ചർ | 41,000 | 600 | 300 | 300 |
| | | സജീ റാണി,ടീച്ചർ | 39,200 | 600 | 300 | 300 |
| 5 | കൃഷ്ണകിരൺ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ | മിനി മേരി, ടീച്ചർ | 37,500 | 600 | 300 | 300 |
| | | സാബിറ, ടീച്ചർ | 30,000 | 600 | 300 | 300 |
| | | ഷെമീന, ടീച്ചർ | 30,000 | 600 | 300 | 300 |
| | | സജീത. ടീച്ചർ | 30,000 | 600 | 300 | 300 |
| | | ഷെറിൻ, ടീച്ചർ | 33,000 | 600 | 300 | 300 |
| | | വിവേക്, ടീച്ചർ | 60,000 | 750 | 600 | 150 |
| 6 | പിട്ടാപ്പിള്ളിൽ ഏജൻസീസ് | രാജു. പി.എസ്, മാനേജർ | 20,000 | 450 | 180 | 270 |
| | | ജിഷ്ണു.എസ്, നായർ, അക്കൗണ്ടന്റ് | 14,000 | 320 | 120 | 200 |
| | | ഹരികൃഷ്ണൻ.സി.കെ, അക്കൗണ്ടന്റ് | 12,000 | 320 | 120 | 200 |
| | | അഖിൽ.എസ്, സെയിൽസ് സ്റ്റാഫ് | 15,000 | 320 | 120 | 200 |
| | | സരിത. ആർ.എസ്, സെയിൽസ് സ്റ്റാഫ് | 11,000 | 320 | 120 | 200 |
| | | സിന്ധു എസ്, സെയിൽസ് സ്റ്റാഫ് | 11,000 | 320 | 120 | 200 |
| | | സ്മിത ബി.എസ്, സെയിൽസ് സ്റ്റാഫ് | 12,000 | 320 | 120 | 200 |
| 7 | മീനിമുത്തൂറ്റ് നിധി കേരള ലിമിറ്റഡ്. ഇരിഞ്ചയം | ജോൺ.ജെ.എൽ, ബ്രാഞ്ച് മാനേജർ | 44,000 | 600 | 300 | 300 |
| | | രഞ്ജു. എ.ആർ, അസിസ്റ്റന്റ് മാനേജർ | 44,000 | 600 | 300 | 300 |
| | | സന്ധ്യ. സി.തങ്കപ്പൻ, അസിസ്റ്റന്റ് മാനേജർ | 44,000 | 600 | 300 | 300 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16/21.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ കുറവായി ഈടാക്കിയ തുക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിർണ്ണയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**3) രേഖകൾ അപൂർണം**

വിവിധ സ്ഥാപനങ്ങൾ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെയാണ് നികുതി നിർണയ പത്രികകൾ സമർപ്പിച്ചിട്ടുള്ളത്. ആയതിനാൽ യഥാർത്ഥ നിരക്കിലാണോ നികുതി അടവാക്കിയിരിക്കുന്നതെന്ന് കണക്കാക്കാൻ സാധിക്കാതെ വരുന്നു. ഉദാഹരണം-

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1. | സാഫ് ഓഡിറ്റോറിയം | ഒന്ന് രണ്ട് അർദ്ധവർഷങ്ങൾ |

**4) രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം വകുപ്പ് 205(ഐ) പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അടവ് തുക അവരുടെ പേരിൽ വരവ് വയ്ക്കേണ്ടതുമാണ്. എന്നാൽ സ്ഥാപനം ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്ററിൽ വാർഡു് തിരിച്ചുള്ള സ്ഥാപനങ്ങളുടെ വിവരവും അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരവും ലഭ്യമല്ല.ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16/21.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**5) റേഷൻകടകളിൽ നിന്നും കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല**

പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. കൂടാതെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16/21.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്

**6. സ്ഥാപന തൊഴിൽ നികുതി ഈടാക്കി അടവാക്കിയിട്ടില്ല.**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

A. BSNL I&IIhalf
B. BVDM Pvt ITI I&II Half
C. Bank Of India I Half
D. Canara Bank I Half
E. Vista Drive Line Motors Pvt. Ltd I&IIhalf
F. Nightingale College Of Engineering I&II Half
G. Christu Jyohi English Medium School I&II Half
H. Attukal Rural Co-Operative Society I Half
I. Vimalahridaya Convent English Medium Nursery, Chullimanoor I&II Half
J. Sivapriya Investments, Pankode, I Half
K. Muthoot Fincorp Ltd, I Half
L. Popular Vehicles &Services Ltd I&II Half
M. KSEB I&II Half
N. Kristu Kiran English Medium School I&II Half
O. SAF Auditorium I&II Half
P. Pittapillil Agencies I Half

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16/21.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല .

**8. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി ഒടുക്കു വരുത്തുന്നില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിലേയും ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കി ഒടുക്കു വരുത്തിയതായി കാണുന്നില്ല.

ഉദാ- മോഹൻദാസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് തൊഴിൽ നികുതി രജിസ്റ്റർ പേജ് നം. 31 മുതൽ 40 വരെ പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരെ സംബന്ധിച്ച രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ടെങ്കിലും രണ്ടാമത്തെ അർദ്ധ വർഷം തുക ഈടാക്കി ഒടുക്കു വരുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 16/21.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത പക്ഷം പിഴസഹിതം തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-13 ലൈസൻസ് - നടപടിക്രമങ്ങളിൽ വീഴ്ച

ലൈസൻസ് -

ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

**1) നിയമാനുസൃത രേഖകൾ വാങ്ങി സൂക്ഷിച്ചിട്ടില്ല**

2024-25 വർഷത്തെ ലൈസൻസ് രജിസ്റ്റർ ക്രമ നം. 32 വരെയുള്ള രേഖപ്പെടുത്തലുകൾ പരിശോധിച്ചതിൽ രണ്ട് പൗൾട്രി മീറ്റ് വില്പന കേന്ദ്രങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പൗൾട്രി മീറ്റ് (Poultry Meat) വില്പന കേന്ദ്രങ്ങൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ സ.ഉ (കൈ) നമ്പർ 227/2021/LSGD തീയതി 07.10.2021 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ ഭാഗം 3 ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

എന്നാൽ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചപ്പോൾ മാർഗരേഖ പ്രകാരം അപേക്ഷകൻ സമർപ്പിക്കേണ്ട വിവിധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദാംശം ചുവടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം, | അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | ലൈസൻസ് നമ്പർ |
|---|---|---|---|
| 1 | സഫീർ. എസ് | 14/450B | 400236/RPTL20/GPO/2024/2368/32/8.4.2024 |
| 2 | റസീനബീവി | ആനാട് പബ്ലിക് മാർക്കറ്റിലെ കടമുറി 1, 2, 3 | കടമുറികളുടെ വാടക ഒടുക്കുന്ന മുറയ്ക്ക് മാത്രമേ ലൈസൻസ് അനുവദിക്കാൻ കഴിയൂവെന്ന് 27.01.2024 ൽ സെക്രട്ടറി 400236/RPTL19/GPO/2024/232/(1) നം. പ്രകാരം കത്ത് നൽകിയിട്ടുണ്ട്. എന്നാൽ രസീത് നം, 1230106297/2/27.03.2024 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ട്. |

| സൂക്ഷിക്കേണ്ട രേഖകൾ | ഫയൽ വിവരം ക്രമ നം, 1 |
|---|---|
| **1. പൗൾട്രിസ്റ്റാളിന്റെ ലേ ഔട്ട് പ്ലാനിൽ (ഉൾപ്പെടുത്തേണ്ടത്)**<br>I. മലിനപ്പെടുന്ന പ്രദേശവും ശുചിയായ പ്രദേശവും തമ്മിലുള്ള അതിർത്തി വ്യക്തമാക്കണം<br>Ii. മറ്റ് പക്ഷികളുടെ സമീപ്യത്തിൽ പക്ഷികളെ കശാപ്പ് ചെയ്യാത്ത രീതിയിലുള്ള പ്രദേശങ്ങളുടെ തരം തിരിവ്<br>Iii. അടുത്തുള്ള വാസ ഗൃഹങ്ങളിൽ നിന്നും 10 മീറ്റർ അകലം<br>Iv. ഡ്രെയിനേജ്, സെപ്റ്റിക് ടാങ്ക്, സോക്ക് പിറ്റ് എന്നിവയുടെ സ്ഥാനം<br>V. ഈച്ചകളെ/കീടങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനങ്ങൾ | ലേ ഔട്ട് പ്ലാൻ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല |
| 2. മെഷീനുകളുടെ ഉപയോഗം ഉണ്ടെങ്കിൽ പ്രോസസ്സിംഗിനുള്ള മെഷീനുകളുടെ/ഉപകരണങ്ങളുടെ ലിസ്റ്റ് ഉൾപ്പെട്ട പ്രോസസ് ഫ്ലോ ഡയഗ്രം | ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 3. ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ | ഇല്ല |
| 4. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് പ്രവർത്തിക്കാനുള്ള NOC/സമ്മതപത്രം | ഉണ്ട് |
| 5. മാനദണ്ഡങ്ങൾക്കനുസരിച്ച് FSSAI-ൽ നിന്നുള്ള രജിസ്ട്രേഷൻ/ ലൈസൻസ് | ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 6. രജിസ്റ്റേഡ് മെഡിക്കൽ പ്രാക്ടീഷണറിൽ നിന്ന് ലഭിച്ച കശാപ്പുകാരന്റെ ആരോഗ്യ സർട്ടിഫിക്കറ്റുകൾ | ഇല്ല |
| 7. മാലിന്യ സംസ്കരണത്തിനായി ലൈസൻസുള്ള റെൻഡറിംഗ് യൂണിറ്റുകളുമായുള്ള കരാറിന്റെ പകർപ്പ് അല്ലെങ്കിൽ അപേക്ഷകൻ സ്വീകരിക്കേണ്ട മാലിന്യ നിർമാർജന രീതിയുടെ വിശദാംശങ്ങൾ | ഉണ്ട് |

ക്രമ നം. 2 ൽ പരാമർശിച്ചിട്ടുള്ള സ്ഥാപനത്തിന് ലൈസൻസ് നൽകാതെ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കാരണം, വാടക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/22.01.2026 ന് ടി കടമുറി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതായതിനാലാണ് ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കാതിരുന്നതെന്നും വാടകക്കുടിശ്ശിക ഉള്ളതിനാലാണ് ലൈസൻസ് അനുവദിക്കാതിരുന്നതെന്നും പ്രസ്തുത സ്ഥപനങ്ങളിൽ മെഷിനറികൾ ഉപയോഗിച്ച് പ്രവർത്തനം നടത്തുന്നില്ലായെന്നും വാടകക്കുടിശ്ശിക 23.01.2026 ൽ അടവാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ലൈസൻസ് ഫീ ഈടാക്കിയശേഷം പ്രസ്തുത കെട്ടിടത്തിന്റെ ലൈസൻസ് അനുവദിക്കാതിരിക്കുകയും മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കാതെയുള്ള അപേക്ഷയിൻമേൽ ലൈസൻസ് ഫീ ഈടാക്കുകയും ചെയ്തത് നടപടി ക്രമങ്ങളിലെ വീഴ്ചയാണ്. നിയമാനുസൃത രേഖകളുടെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**2. മൂലധന നിക്ഷേപത്തിന്റെ വിവരം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തുന്നില്ല**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | ലൈസൻസ് നമ്പർ |
|---|---|---|
| രാകേഷ് എസ്. | 5/446A<br>446B | 400236/RPTL20/<br>PO/2024/2387/50/15.04.2024 |
| സുനിൽകുമാർ എസ്. | 17/53, 17/54, 17/55 | 400236/RPTL20/GPO/2024/3617/93 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.23/22.01.2026 ന് മേൽ വ്യക്തികളിൽ നിന്ന് പരമാവധി ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ടെന്നും തുടർന്ന് വരുന്ന വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ലൈസൻസ് ഫീ ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**3. CER പ്രവർത്തനങ്ങൾ - തുടർനടപടി സ്വീകരിക്കേണ്ടതാണ്**

ഫയൽ നം. 24/7257 പ്രകാരം കോട്ടയ്ക്കൽ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, വേട്ടമ്പള്ളി എന്ന സ്ഥാപനത്തിന് പാറ ഖനനത്തിനായി ലൈസൻസ് നൽകിയിട്ടുണ്ട്. സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ എൻവയോൺമെന്റ് ക്ലീയറൻസ് നം. 173/2024 പ്രകാരം നടത്തേണ്ട CER (Corporate Enviornmental Responsiblity) പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം ഗവ. എൽ.പി.എസ് കൊല്ലായിലെ വിദ്യാർത്ഥികൾക്കായി 2,94,000/- രൂപയുടെ ഫർണിച്ചറും ഗവ. യു.പി.എസ് രാമപുരത്തിലെ വിദ്യാർത്ഥികൾക്കായി 3,28,000/- രൂപയുടെ ഫർണിച്ചറും അങ്കണവാടികൾക്കായി 1,09,625/- രൂപയുടെ ഫർണിച്ചറും വേട്ടമ്പള്ളി പള്ളിമുക്ക് അംഗൻവാടിയ്ക്കായി 1,21,500/- രൂപയുടെ മെയിന്റനൻസ് പ്രവർത്തികളും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കിയതിന്റെ വിശദാംശം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/22.01.2026 ന് മേൽ സ്ഥാപനം നിലവിൽ പ്രവർത്തനം തുടങ്ങിയിട്ടില്ലായെന്നും CER പ്രവർത്തനം സംബന്ധിച്ച ഉറപ്പുകൾ പൂർത്തീകരിക്കുന്നതിന് അടിയന്തിരമായി ലൈസൻസിക്ക് അറിയിപ്പ് നൽകി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-14 വസ്തു നികുതി - അപാകതകൾ

വസ്തു നികുതി ഈടാക്കിയത് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഒന്നിലധികം വാസഗൃഹങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.

ജി.ഒ(എം.എസ്)144/15/തസ്വഭവ തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ളതും സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിവിധ വാർഡുകൾ പരിശോധിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് / കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | വിസ്തീർണ്ണം |
|---|---|---|---|
| 1 | 15/37 | ഷാജഹാൻ, പാലോട്ടുകോണത്ത് തെക്കുംകര വീട് | 87 ച.മീ |
| | 15/38 | | 20ച.മീ |
| 2 | 15/227 | ബിന്ദു. എ, കൊച്ചു നെട്ടറ വീട് | 53 ച.മീ |
| | 15/228 | | 10 ച.മീ |
| 3 | 15/321A | എസ്.വി. ഹേമലത, മേലെ പുളിമൂട് | 24 ചമീ |
| | | | 24 ചമീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23/23.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ വാർഡുകളിലേയും ഇത്തരത്തിൽ നികുതിയിളവ് നൽകിയ കെട്ടിടങ്ങൾ കണ്ടെത്തി അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും തനത് ഫണ്ടിന് വരുമാന ചോർച്ച ഉണ്ടാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**2.** 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പിൽ പരാമർശിച്ച വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും പ്രസ്തുത ചട്ടങ്ങളിലെ 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് എന്ന വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിലെ കെട്ടിടങ്ങളുടെ വിവരം മാത്രം പരിശോധിച്ചതിൽ, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല

| WardNo | Door No | Owner Address | Floor Area |
|---|---|---|---|
| 15 | 51 | പി. സരസു , തവലക്കോട്ടു കോണം കോളനി | 77 ച.മീ |
| 15 | 42 | വിജയകുമാരി, ഗ്രീഷ്മ വിലാസം | 73 ച.മീ |
| 15 | 32 | ജി അപ്പുക്കുട്ടൻ നായർ | 96 ച.മീ |
| 15 | 180 | റ്റി. സതീഷ് കുമാർ അജിതകുമാരി, അപർണ്ണ നിവാസ് | 81 ച.മീ |
| 15 | 207 | ശാരദ, ചെറിയൻപനാട് | 80 ച.മീ |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23/23.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മുഴുവൻ വാർഡുകളിലേയും ഇത്തരത്തിൽ നികുതിയിളവ് നൽകിയ കെട്ടിടങ്ങൾ കണ്ടെത്തി അപാകത പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതും തനത് ഫണ്ടിന് വരുമാന ചോർച്ച ഉണ്ടാകുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**3. മൊബൈൽ ടവറുകളിൽ നിന്ന് വസ്തു നികുതി ഈടാക്കാൻ അവശേഷിക്കുന്നു.**

| WardNo | Door No | Owner Address | 2024-25 വരെയുള്ള കുടിശ്ശിക |
|---|---|---|---|
| 6 | 590 | Reliance Tower | 1,50,693/- |
| 16 | 511/B | Viorles TT Info Service | 2,37,909/- |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 23/23.01.2026 ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-15 വാടക ഈടാക്കാൻ അവശേഷിക്കുന്നു

ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

**I) വാടക**

വാർഷിക ധനകാര്യ പത്രിക പ്രകാരം 2024-25 വർഷത്തിൽ വാടക ഇനത്തിലുള്ള ഡിമാന്റ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക (രൂ.) |
|---|---|
| Rent From Building (I-3) | 2,21,964/- |
| Arrear Rent From Building | 13,890/- |

(2023-24 AFS B-18 Schedule)

1) ഗ്രാമപഞ്ചായത്തുമായി വാടകക്കാർ ചമച്ച കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രിക പ്രകാരം Rent From Building-ന്റെ 01.04.2024 ലെ കുടിശ്ശിക തുക 1,19,769/- രൂപയാണ്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

3) വാടക രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കടമുറിയുടെ 2024-25 വർഷത്തെ വാടക പൂർണമായും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| **ഷോപ്പ് നമ്പർ** | **വാടകക്കാരന്റെ പേര്** | **മാസ വാടക (രൂ)** | **കുടിശ്ശിക കാലയളവ്** |
|---|---|---|---|
| ആനാട് പബ്ലിക് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 2 | സജീർ. എസ് | 1,146/- | ഡിസംബർ 2024 മുതൽ മാർച്ച് 2025 വരെ |
| ആനാട് പബ്ലിക് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 5 | ഷൈലജ, സെക്രട്ടറി, കാർഷിക കർമ്മസേന | 1,092/- | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ |

വാടകത്തുക പൂർണ്ണമായും ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 15/2024-25)

5) വാടക കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

6) ആനാട് പബ്ലിക് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം. 3, റൂം നം. 4 , 6, 7, 8എന്നിവ 2024-25 വർഷത്തിൽ പൂർണമായി അടഞ്ഞു കിടന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഷോപ്പുകൾ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 15/19.01.2026ന് ഭാഗികമായ മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16 പെർമീറ്റ് - അപേക്ഷാഫീസ് ഈടാക്കിയതിൽ കുറവ്

പെർമിറ്റ് ഫീ -ഈടാക്കിയതിൽ കുറവ്

1. താഴെ പറയുന്ന പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ 30.7.2024ലെ സ.ഉ.(കൈ) നം. 97/2024/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നത് പ്രകാരമുള്ള അപേക്ഷ ഫീസ് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ഫയൽ നമ്പർ/ തീയതി | അപേക്ഷകന്റെ പേര്, കെട്ടിടത്തിന്റെ വിസ്തീർണം | കെട്ടിടത്തിന്റെ തരം | ഈടാക്കേണ്ടിയിരുന്ന അപേക്ഷ ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| 5734/24/17.08.2024 | അബ്ദുൾ മജീദ്, 181.50 $M^2$ | പാർപ്പിടം | 500 | 150 | 350 |
| 6049/24/31.08.2024 | റഫീന. എസ്, 118.34 M2 | പാർപ്പിടം | 500 | 150 | 350 |

അപേക്ഷാഫീസ് കുറവായി ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 11/19.01.2026 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം അവശേഷിക്കുന്ന പരാമർശങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്)

## 1-17 പെർമിറ്റ് ഫീ - രജിസ്റ്റർ - രേഖപ്പെടുത്തലിലെ അപാകതകൾ

2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഏതെങ്കിലും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ അല്ലെങ്കിൽ കൂട്ടി ചേർക്കുകയോ വിപുലീകരിക്കുകയോ കെട്ടിടത്തിന് മാറ്റം വരുത്തുകയോ അല്ലെങ്കിൽ അതിന് കാരണമാവുകയോ ചെയ്യുന്നതിന് മുമ്പ് ആദ്യം അത്തരത്തിലുള്ള ഓരോ ജോലിക്കും പ്രത്യേകമായി സെക്രട്ടറിയിൽ നിന്ന് കെട്ടിട പെർമിറ്റ് നേടിയിരിക്കേണ്ടതാണ്. ഇപ്രകാരം ചെയ്യുവാൻ ഉദ്ദേശിക്കുന്ന പക്ഷം, ഉടമ അനുബന്ധം എ1-ലെ ഫാറത്തിൽ സെക്രട്ടറിക്ക് രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതാണന്ന് ചട്ടം 5(1)(ബി) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള അപേക്ഷ ലഭിക്കുമ്പോൾ, അപേക്ഷ ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം ലിഖിതമായ ഉത്തരവ് മുഖേന സെക്രട്ടറി ആയതിന് അനുമതി നൽകകയോ അല്ലെങ്കിൽ ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണെന്നും ചട്ടം 13ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.01.2020 ലെ തസ്വഭവ ആർ.എ 1/444/2019-തസ്വഭവ നമ്പർ സർക്കുലറിൽ കെട്ടിട നിർമ്മാണാപേക്ഷയുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ എല്ലാ കോളങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായും കൃത്യമായും

രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കേണ്ടതാണെന്നും ഇത് സെക്രട്ടറി കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2024-25 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| അപേക്ഷ നം .തീ | അപേക്ഷകൻ | അറിയിപ്പ് നൽകിയത് |
|---|---|---|
| A6-3391/24/20.04.2024 | ജയപ്രകാശ്/സജിത കുമാരി | - |
| A6-3529/2.5.2024 | ഹരികുമാർ. ഡി | - |
| A6-3585/3.5.2024 | വിജയകുമാരി/ ഉണ്ണികൃഷ്ണൻ | - |
| A6-3611/24/6.5.2024 | ഷൈലാബീവി. എൻ | - |
| A6-4258/24/7.6.2024 | രാഹുൽ ജയൻ | - |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 14 /21.01.2026 ന് ഐ.എൽ.ജി.എം.എസ് ഫയലുകളിൽ ഡെസ്പാച്ച് തീർപ്പാക്കുന്ന സമയമാണ് കത്ത് നൽകിയതായി കാണിക്കുന്നതെന്നും എന്നാൽ കത്ത് സെക്രട്ടറി അംഗീകരിച്ച ദിവസം തന്നെ അപേക്ഷകന് അയച്ചു നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-18 രസീത് പ്രകാരമുള്ള വരവ് തുക ഒടുക്കിയതിൽ വ്യക്തതയില്ല

രസീതിന്റെ പരിപാലനത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

രസീത് പ്രകാരമുള്ള വരവുകൾ പരിശോധിച്ചതിൽ രസീത് ബുക്ക് നം. 37402 രസീത് നം. 1 മുതൽ 3 വരെയുള്ള രസീതുകൾ പ്രകാരം 900/- രൂപ പിരിച്ചിട്ടുണ്ട്. തീയതി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വരവ് ഏത് തീയതിയിലാണ് ഡേബുക്കിൽ വരവ് വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത രസീതു ബുക്കിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 25/23.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 GI പോൾസ് സ്ഥാപിക്കുന്നതിന് വാടക നിശ്ചയിച്ചിട്ടില്ല

റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗരഗ്രാമ പ്രദേശങ്ങളിലുടനീളം 'ഫൈബർ ടു ദ ഹോം' (FTTH) തൂണുകൾ (GI Poles) സ്ഥാപിക്കുന്നതിന് വാടക നിരക്ക് നിശ്ചയിക്കാൻ സർക്കാരിനോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് റോഡുകളുടെ വശങ്ങളിൽ GI പോളുകൾ സ്ഥാപിക്കുന്നതിന് 23.01.2020 തീയതിയിലെ സ.ഉ(സാധാ) 89/2020/PWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവ് പ്രകാരം തൂണുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന്, ഓരോ തൂണിനും 360/- രൂപ വാർഷിക വാടക സേവനദാതാക്കൾ അടവാക്കേണ്ടതും പ്രതിവർഷം 5% വർദ്ധനവോടെ വാടക ഈടാക്കേണ്ടതും 5 വർഷത്തിന് ശേഷം വാടക പുതുക്കേണ്ടതുമാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17.07.2021 ലെ ഡിസി2/110/2021/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഇപ്രകാരം പോളുകൾ സ്ഥാപിച്ച ഇനത്തിൽ ലഭിച്ച വാടകയുടെ വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച

ഓഡിറ്റ് എൻക്വയറി നം. 24/22.01.2026 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-20 ആയുർവേദ ആശുപത്രിയിലേയ്ക്ക് ജനറേറ്റർ വാങ്ങൽ (എസ്.ഒ.ഒ.40/2025) നടപടിക്രമങ്ങൾ പാലിച്ചില്ല 4,99,900/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ/ പ്രോജക്ട് | ആയൂർവേദ ആശുപത്രിയിലേയ്ക്ക് ജനറേറ്റർ വാങ്ങൽ (എസ്.ഒ.ഒ.40/2025) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| അടങ്കൽ | ₹5,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നമ്പർ /തീയതി. | 521/7.03.2025 |
| ചെലവ് | ₹4,99,900/- |

ആയൂർവേദ ആശുപത്രിയിലേയ്ക്ക് ജനറേറ്റർ വാങ്ങുന്നതിന് ആവിഷ്ക്കരിച്ച പ്രസ്തുത പദ്ധതിക്കായി GEM മുഖേന സതേൺ അസോസിയേറ്റ്സ് പത്തനംതിട്ട എന്ന സ്ഥാപനത്തിൽ നിന്നും 20.02.2025 ലെ ഇൻവോയിസ് നം. ടി. 09 പ്രകാരം 4,99,900/- രൂപയുടെ ജനറേറ്റർ വാങ്ങിയിട്ടുണ്ട്.

എന്നാൽ ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

(1) ആശുപത്രി ആവശ്യത്തിന് ജനറേറ്റർ അനിവാര്യമാണെന്ന മെഡിക്കൽ ഓഫീസറുടെ ആവശ്യകത സർട്ടിഫിക്കറ്റ്

(2) ലോഡ് കാൽക്കുലേഷൻ (കെ.വി.എ) ആവശ്യകത നിശ്ചയിച്ച സ്പെസിഫിക്കേഷൻ

(3) ആവശ്യമായ കെ.വി.എ., ഫ്യുവൽ ടൈപ്പ് (ഡീസൽ), സൗണ്ട് പ്രൂഫ് എൻക്ളോഷർ മുതലായവ ഉൾപ്പെടുത്തിയ സാങ്കേതികാനുമതി.

(4) GEM ൽ നിന്നും കുറഞ്ഞത് 3 വെൻഡേഴ്സ് പങ്കെടുത്ത ബിഡ് പ്രക്യിയയിൽ എൽ 1 തെരഞ്ഞെടുത്തല്ല ജനറേറ്റർ വാങ്ങിയിട്ടുള്ളത്.

(5) ജനറേറ്റർ ഇൻസ്റ്റാൾ ചെയ്ത ശേഷമുള്ള Inspection Certificate &Commission Report & Warranty Certificate

(6) Stock Register ൽ ഉൾപ്പെടുത്തിയതിന്റെ രേഖ

(7) AMC/ Maintenance Clause രേഖകൾ

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM) വഴി 50,000/- രൂപയ്ക്ക് മുകളിൽ നടത്തുന്ന പർചേസുകൾക്ക് കൃത്യമായ മാനദണ്ഡങ്ങൾ നിലവിലുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ജനറൽ ഫിനാൻഷ്യൽ റൂൾസ് (GFR) 149ാം വകുപ്പിലും, കേരള സർക്കാർ ഉത്തരവ് ജി.ഒ. (പി) നം.44/2021/ഫിൻ ജെം ഉപയോഗിക്കുന്നതു സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

50,000/- രൂപ മുതൽ 5,00,000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ജെം പോർട്ടലിൽ ലഭ്യമായ കുറഞ്ഞത് 3 വ്യത്യസ്ഥ നിർമ്മാതാക്കളുടെ ഉത്പന്നങ്ങൾ താരതമ്യം ചെയ്ത് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ തെരഞ്ഞെടുക്കണം. ഉത്പ്പന്നത്തിന്റെ ഗുണനിലവാരം ഡെലിവെറി സമയം എന്നിവ ജെം ൽ താരതമ്യം ചെയ്യാവുന്നതാണ്.

ജെനറേറ്റർ വാങ്ങലിൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിനാലും ക്രമ.നം. 1 മുതൽ 8 വരെയുള്ള രേഖകൾ ഹാജരാക്കാത്തതിനാലും 4,99,900/-രൂപയുടെ ചെലവ് തടസ്സംചെയ്യുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 1/2024-25 തീയതി. 17.01.2026

## 1-21 ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കൾ കരാർ നിബന്ധന പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ നിർവ്വഹണ ഉദ്യോഗസ്ഥനും (വിഇഒ) ഗുണഭോക്താവും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം, കരാറിൽ ഏർപ്പെട്ട് 6 മാസത്തിനകം ഭവന നിർമ്മാണം പൂർത്തീയാക്കണമെന്നായിരുന്നു. എന്നാൽ, ചുവടെ പേര് ചേർക്കുന്ന ഗുണഭോക്താക്കൾ നാളിതുവരെയും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പേര് | ഭവന നിർമ്മാണം ആരംഭിച്ച തീയതി | ഇതുവരെ കൈപ്പറ്റിയ തുക (രൂ.) |
|---|---|---|
| 1) പങ്കജാക്ഷി, താന്നിമൂട് | 05.06.2024 | 3,89,246/- |
| 2) സുഭാഷിണി, കാളി കോണത്ത് വീട് | 12.06.2024 | 3,89,246/- |
| 3) മേരി, തടത്തരികത്തു പുത്തൻവീട് | 12.06.2024 | 3,89,246/- |
| 4) ഉഷ എൽ., ഉഷ ഭവൻ | 12.06.2024 | 2,00,000/- |
| 5) രാജീവ്, ബഥേൽ ഭവൻ | 08.04.2021 | 1,60,000/- |
| 6) കുഞ്ഞുമോൾ .ഡി, ദിവ്യമന്ദിരം | 06.03.2023 | 50,000/- |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/22.01.2026) ക്രമ നം. 1, 2, 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായും ക്രമ നം. 4 അസുഖബാധിതയായതിനാൽ ഭവന നിർമ്മാണം പൂർത്തിയീക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ ഉചിതമായ നടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതാണ്.

## 1-22 കുരുമുളക് കൃഷി പദ്ധതി - 37,500/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല - തുക തടസ്സം ചെയ്യുന്നു

| | |
|---|---|
| പദ്ധതി നമ്പർ | 208 (സ്പിൽ ഓവർ) |
| പദ്ധതിയുടെ പേര് | കുരുമുളക് കൃഷി പദ്ധതി |
| അടങ്കൽ തുക | ₹1,20,000/- |
| ചെലവ് തുക | ₹56,250/- |
| ഫണ്ട് | വികസന ഫണ്ട് |
| ബിൽ നമ്പർ, തീയതി | 524/07.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പദ്ധതിയിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ സാധനങ്ങളുടെ 18,750/- രൂപയുടെ ബില്ലുകൾ മാത്രമാണ് ഫയലിൽ ഉള്ളത്. ബാക്കി 37,500/- രൂപയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി 37,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-23 വീട് വാസയോഗ്യമാക്കൽ പൊതുവിഭാഗം - ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതി നമ്പർ | 39 |
| പദ്ധതിയുടെ പേര് | വീട് വാസയോഗ്യമാക്കൽ പൊതുവിഭാഗം |

| | |
|---|---|
| അടങ്കൽ തുക | ₹15,00,000/- |
| ചെലവ് തുക | ₹7,75,000/- |
| ഫണ്ട് | വികസന ഫണ്ട് |
| ബില്ല് നമ്പർ, തീയതി, തുക | 453/19.02.2025, ₹25,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ വിവരിച്ച പദ്ധ്യതിയിലെ ഗുണഭോക്താവായ ശ്രീമതി.മേരി, കുന്നത്തുമല, തടത്തരികത്തു വീട്, 25,000/- രൂപ 12.03.2025 ൽ കൈപ്പറ്റിയെങ്കിലും നാളിതുവരെയും ഭവന പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചില്ല. ഭവന നിർമ്മാണം പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/24.01.2026) മറുപടി നൽകിയില്ല. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ബഡ്സ് സ്കൂൾ - അവലോകനം

ആനാട് പഞ്ചായത്തിൽ വാർഡ് 14 ൽ 22.05.20215 മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ബഡ്സ് സ്കൂൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 68.64 ച.മീറ്റർ ആണ്. സ.ഉ.(എം.എസ്.)148/09/തസ്വഭവ തീയതി 29.07.2009 യിൽ നിഷ്കർഷിച്ചിട്ടുള്ള ഒരു കുട്ടിക്ക് 40 ച.അടി എന്ന തോതിലുള്ള കെട്ടിട സൗകര്യം ലഭ്യമാണ്.
രണ്ട് ക്ലാസ് മുറികളാണ് സ്കൂളിന് ഉള്ളത്. റാമ്പ് സൗകര്യം ലഭ്യമല്ല. ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേകം ടോയ്ലറ്റ് സൗകര്യം ഉണ്ട്. 31.03.2025 ലെ കണക്കുപ്രകാരം ഒരു അദ്ധ്യാപികയുണ്ട്. അദ്ധ്യാപികയുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.യും റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ഡിപ്ലോമയും ആണ്.

സ്കൂളിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 05.04.2023 തീയതിയിൽ സാമൂഹ്യ നീതി വകുപ്പിന്റെ താത്കാലിക അംഗീകാരവും ലഭിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളിൽ 15 ആൺകുട്ടികളും 17 പെൺകുട്ടികളും പഠിക്കുന്നു. തീവ്രമായ വൈകല്യം ബാധിച്ച 4 കുട്ടികളും ഇവിടെ പഠിക്കുന്നു. ബഡ്സ് സ്കൂളിന് വാടകയ്ക്ക് എടുത്തിട്ടുള്ള 7 പേർക്ക് സഞ്ചരിക്കാവുന്ന മാരുതി സുസുക്കി ഇക്കോ എന്ന വാഹനം ഉണ്ട്. 27കുട്ടികൾ ഈ വാഹനത്തെ ആശ്രയിക്കുന്നു.

ഒരു ആയയും ഒരു പാചകക്കാരിയും ഇവിടെ ജോലി ചെയ്യുന്നു. 2024-25 ലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:32 ആണ്
നിലവിലുള്ള ടീച്ചർക്ക് 34,190/- രൂപയും ആയയ്ക്ക് 710/- (ദിനബത്ത) രൂപയും പ്രതിമാസ വേതനമുണ്ട്.

ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, മെഡിക്കൽ ഓഫീസർ തുടങ്ങിയവരുടെ സന്ദർശന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഇവിടെ സൂക്ഷിക്കുന്നുണ്ട്. 20.06.2025 ലാണ് സ്കൂൾ കെട്ടിടത്തിന് അവസാനമായി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചത്.
2024-25 വർഷം സ്ഥാപനത്തിന്റെ ആകെ ചെലവ് 12,84,049/- രൂപയാണ്. ബഡ്സ് സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് ഉദ്യോഗസ്ഥരും ഭരണസമിതി അംഗങ്ങളും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-25 ഹരിത കർമ്മ സേനയ്ക്ക് യൂണിഫോമും സുരക്ഷാ ഉപകരണങ്ങളും വാങ്ങി നൽകൽ യൂണിഫോമുകളും സുരക്ഷാ ഉപകരണങ്ങളും സ്റ്റോക്കിൽ എടുത്തിട്ടില്ല

| | |
|---|---|
| പദ്ധതി നമ്പർ | 321 (സ്പിൽ ഓവർ) |
| പദ്ധതിയുടെ പേര് | ഹരിത കർമ്മ സേനയ്ക്ക് യൂണിഫോമും സുരക്ഷാ ഉപകരണങ്ങളും വാങ്ങി നൽകൽ |
| അടങ്കൽ തുക | ₹76,059/- |
| ചെലവ് തുക | ₹37,620/- |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് (വികസന ഫണ്ട്) |
| ബില്ല് നമ്പർ, തീയതി, തുക | 786/29.03.2025, Rs.37,620/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

1) മേൽ വിവരിച്ച പദ്ധ്തിയിൽ ടെൻഡറിൽ ഏറ്റവും കുറഞ്ഞ തുക പറഞ്ഞിരുന്ന പവിത്ര എന്റർപ്രൈസസ് എന്ന സ്ഥാപനം നൽകിയ സാമ്പിളുകൾക്ക് ഗുണ നിലവാരം ഇല്ലാത്തതിനാൽ ജിംകോ എക്സിം ആൻഡ് ട്രേഡ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് പ്രൊക്യൂർമെൻറ് കമ്മിറ്റി തീരുമാനിച്ചതായി 12.02.2025 തീയതിയിലെ 2(8) നമ്പർ തീരുമാനമുണ്ട്. എന്നാൽ പ്രൊക്യൂർമെൻറ് കമ്മിറ്റി തീരുമാനം ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) യൂണിഫോമുകളും സുരക്ഷാ ഉപകരണങ്ങളും ക്രമപ്രകാരം സ്റ്റോക്കിൽ എടുത്തിട്ടില്ല. 76 എണ്ണം യൂണിഫോമുകൾ സ്ഥാപനത്തിൽ നിന്നും (ഇൻവോയ്സ് നം. ജെ.സി.1155, തീയതി 24.03.2025, 37,620/- രൂപ ) വാങ്ങിയെങ്കിലും 43 ഹരിതസേന അംഗങ്ങളുടെ പേരുകളാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. സ്റ്റോക്ക്/ വിതരണ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 പ്രാദേശിക സാമ്പത്തിക വികസനം സ്വയം - തൊഴിൽ വനിതകൾക്ക് - ചെലവ് രേഖകൾ/ മോണിറ്ററിങ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല തുക

**തടസ്സപ്പെടുത്തുന്നു - 11,70,000/- രൂപ**

| | |
|---|---|
| പദ്ധതി നമ്പർ | 218 (സ്പിൽ ഓവർ) |
| പദ്ധതിയുടെ പേര് | പ്രാദേശിക സാമ്പത്തിക വികസനംസ്വയം -തൊഴിൽ വനിതകൾക്ക് |
| അടങ്കൽ തുക | ₹27,30,000/- |
| ചെലവ് തുക | ₹11,70,000/- |
| ഫണ്ട് | വികസന ഫണ്ട് |
| ബില്ല് നമ്പർ, തീയതി, തുക | 24/09.05.2024 – ₹5,40,000/-<br>25/09.05.2024 – ₹6,30,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

മേൽ വിവരിച്ച പദ്ധതി പ്രകാരം ചുവടെ വിവരിക്കുന്ന 13 ഗുണഭോക്താക്കൾക്ക് 90,000/- രൂപ വീതം സ്വയം തൊഴിൽ സംരംഭങ്ങൾക്കായി ആനുകൂല്യം നല്കിയിട്ടുണ്ട്.

1) അശ്വതി എൽ (രാഗം സ്റ്റോർ)

2) സുൽഫത് കെ (ബിസ്മില്ലാഹ് ഫാസ്റ്റ് ഫുഡ് )

3) അഞ്ജന എസ് സ്റ്റോർ (തയ്യൽ കട )

4) കൃഷ്ണ സുനിൽ എസ് (തയ്യൽ കട )

5) ഉഷ റ്റി (എഗ്ഗ് ഫാം)

6) രമണി പി (നന്ദു )

7) ഷീബ ജെ എസ് (എ.ആർ. ഫ്ലവർ മാർട്ട് )

8) രേണു എസ് ദാസ് (പെയിന്റ് ഹബ് )

9) റാഹില സലിം (ആഷിക് ബേക്കറി )

10) സലീന ബിനി എൻ (എം.എ.എസ് സ്റ്റോർ )

11) ചിത്ര റാണി എൻ( റിച്ച് നെക്ചർ സോൺ )

12) ഐശ്വര്യ ലക്ഷ്മി വി എസ് (സജി ബേക്കറി )

13) ഉഷ നന്ദിനി ആർ

ടി സംരംഭങ്ങളുടെ MSME രജിസ്ട്രേഷൻ/FACTEOS ലൈസൻസ്/ഫുഡ് സേഫ്റ്റി ലൈസൻസ്, സംരംഭങ്ങൾ പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റേയും മോണിറ്ററിംഗ് സമിതിയുടേയും റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല. വായ്പ്പാ ബന്ധിതമായി നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം ഗുണഭോക്താക്കൾ വായ്പ്പ എടുത്തതിന്റേയും, തിരിച്ചടച്ചതിന്റേയും ബാങ്ക് രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. സംരംഭങ്ങൾക്കായി ഗുണഭോക്താക്കൾ വായ്പ്പാ തുക/സബ്സിഡി തുക ചെലവിട്ടതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി പദ്ധതിയ്ക്കായി ചെലവിട്ട 11,70,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 1-27 അംഗൻവാടികളിലും സർക്കാർ സ്ഥാപനങ്ങളിലും ബയോകംപോസ്റ്റർ ബിന്നുകൾ സ്ഥാപിക്കൽ - തുക കൈമാറിയതിന്റെ രേഖ ലഭ്യമാക്കിയില്ല - 22,032/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നമ്പർ | 285 |
| പദ്ധതിയുടെ പേര് | അംഗൻവാടികളിലും സർക്കാർ സ്ഥാപനങ്ങളിലും ബയോകംപോസ്റ്റർ ബിന്നുകൾ സ്ഥാപിക്കൽ |
| അടങ്കൽ തുക | ₹73,440/- |
| ചെലവ് തുക | ₹22,032/- |
| ഫണ്ട് | ധനകാര്യ കമ്മീഷൻ അവാർഡ് |
| ബില്ല് നമ്പർ, തീയതി, തുക | 787/29.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ. |

1. ബയോ കംപോസ്റ്റർ ബിന്നുകൾ വിതരണം ചെയ്ത സ്ഥാപനത്തിന് തുക കൈമാറിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.
2. ബിന്നുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഇല്ല.
3. ഐആർടിസി പ്രൊജക്റ്റ് ഇമ്പ്ലിമെന്റാഷൻ യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോസ് നം. എൻബി2ബി/24-24/073,20.03.2025 പ്രകാരം 34 എണ്ണം ബയോ കംപോസ്റ്റർ ബിന്നുകളുടെ വില 61,200/- രൂപയാണ്. എന്നാൽ, സുലേഖ ചെലവ് പത്രികാ പ്രകാരം പദ്ധതിയുടെ ചെലവ് തുക 22,032/- രൂപയാണ്. പണം കൈമാറിയ സാംഖ്യ ബിൽ, ലഭിച്ച ബിന്നുകളുടെ എണ്ണം, സ്റ്റോക്ക്/വിതരമ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 22,032/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 1-28 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല 14,63,305/- രൂപയുടെ ചെലവ് തുക തടസ്സം ചെയ്യുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2024-25 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| ക്രമ നം, | പ്രോജക്ടിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|
| 1 | പ്രോജക്റ്റ് നം. 295/2025<br>പേര് - കൊടിപ്പാറ കുടിവെള്ള പദ്ധതി (പുതിയ പ്രോജക്റ്റ്)<br>അടങ്കൽ- വികസനഫണ്ട് ₹12,00,000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)<br>ചെലവ് – ₹1,22,302/-<br>(1) ₹1,20,367/- ബിൽ നം. 770/27.03.2025 )<br>₹1935/- 644/21.03.2025 | ജില്ലാ ഓഫീസർ, ഭുജലവകുപ്പ് ൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 2 | പ്രോജക്റ്റ് നം. 294/2025<br>തകരക്കുഴി കുടിവെള്ള പദ്ധതി, കുഴൽകിണർ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും (പുതിയ പ്രോജക്റ്റ്) അടങ്കൽ- ₹12,00,000/- (ധനകാര്യകമ്മിഷൻ അവാർഡ്, ടൈഡ്)<br>ചെലവ് – ₹1,07,673/-<br>₹1,935/- (643/21.03.2025)<br>₹1,05,738/- (769/27.03.2025) | ജില്ലാ ഓഫീസർ, ഭുജലവകുപ്പ് ൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 3. | തീർത്ഥങ്കര വാർഡിൽ കുഴൽകിണർ നിർമാണം (278/2024-25)(സ്പിൽ ഓവർ)<br>അടങ്കൽ – ₹798,065/- (ധനകാര്യകമ്മിഷൻ അവാർഡ്)<br>ചെലവ് – ₹1,41,313/-<br>ബിൽ നമ്പർ (161/27.08.2024) | ജില്ലാ ഓഫീസർ, ഭുജലവകുപ്പ് ൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |
| 4 | പൊതുസ്ഥലങ്ങളിൽ കുഴൽകിണർ നിർമ്മാണം (എസ്.ഒ.275/2025)<br>അടങ്കൽ – ₹3,92,260/- (ധനകാര്യകമ്മിഷൻ അവാർഡ്)<br>ചെലവ് – ₹3,90,347/-<br>(ബിൽ നമ്പർ 160/27.08.2024) | ജില്ലാ ഓഫീസർ, ഭുജലവകുപ്പ് ൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 5 | എസ്.എസ്.കെ. വിഹിതം ഒടുക്കൽ (എസ്. ഒ.ഒ. 53/2025)<br>അടങ്കൽ – ₹3,00,000/- പൊതുവിഭാഗം (സാധാരണ വിഹിതം)<br>ചെലവ് – ₹3,00,000/-<br>(548/10S.03.2025 ) | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 6 | ഐ.കെ.എം വിഹിതം ഒടുക്കൽ (എസ്.ഒ.ഒ.50/2025)<br>അടങ്കൽ – ₹3,95,112/- വികസന ഫണ്ട്. (പൊതുവിഭാഗം)<br>ചെലവ് – ₹1,16,945/-<br>(549/10.03.2025) | എക്സിക്യൂട്ടിവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷനിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 7 | അങ്കൻവാടികളിലും ഘടക സ്ഥാപനങ്ങളിലും കുഴൽകിണർ നിർമ്മാണം (എസ്.ഒ 296/2025)<br>അടങ്കൽ – ₹8,74,750/(ധനകാര്യകമ്മിഷൻ അവാർഡ്)<br>ചെലവ് – ₹2,84,725/-<br>₹1,20,367/- (കുഴൽ കിണർ നിർമ്മാണം) ആയുർവേദ ആശുപത്രി ആനാട്) (550/10.03.2025)<br>₹1,64,358/- (മിനി വാട്ടർ സപ്ളൈ സ്കീം ആയുർവേദ ആശുപത്രി) (788/29.03.2025) | ജില്ലാ ഓഫീസർ, ഭുജലവകുപ്പ് ൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

ഓഡിറ്റ് അന്വേഷണം നമ്പർ 38/24.01.2026 & 39/24.01.2026 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 14,63,305/- രൂപയുടെ ചെലവ് തുക തടസ്സം ചെയ്യുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 യോഗമിനിട്ട്സ് സമയബന്ധിതമായി അംഗീകരിക്കുന്നില്ല.

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി

സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗ നടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്ട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും തങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറിയും പ്രസിഡന്റും അംഗീകാരം നൽകാത്തതിനുള്ള ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് കമ്മിറ്റി കൂടിയ തിയതി | മിനിട്ട്സ് സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി. | മിനിട്ട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി. |
|---|---|---|
| 06/04/2024 | 15.05.2024 | 15.05.2024 |
| 29/04/2024 | 15.05.2024 | 15.05.2024 |
| 15/07/2024 | 09/09/2024 | 09/09/2024 |
| 08/10/2024 | 05/11/2024 | 05/11/2024 |
| 12/08/2024 | 25.09.2024 | 25.09.2024 |

ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്ട്സ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-30 ഹെൽത്ത് ഗ്രാന്റ് അവലോകനം

GO (Rt) No.2132/2022 LSGD ഉത്തരവു പ്രകാരം 5 സ്കീമുകളിൽ മൂന്നു സ്കീമുകളാണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായത്. സ്കീം 1 കെട്ടിടം ഇല്ലാത്തവയ്ക്ക് കെട്ടിടം (നിർവഹണോദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ) സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (നിർവഹണം - മെഡിക്കൽ ഓഫീസർ), സ്കീം 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ (നിർവഹണം – മെഡിക്കൽ ഓഫീസർ) ഇവയാണ് മൂന്ന് സ്കീമുകൾ. ഹെൽത്ത് ഗ്രാന്റ് തുകകൾ രണ്ട് അക്കൗണ്ടുകളിലായാണ് വരുന്നത്. 2021-22 മുതൽ സ്കീം 1, സ്കീം 3, സ്കീം 4 എന്നീ ഇനങ്ങളിലാണ് ഗ്രാമപഞ്ചായത്തിൽ തുക ലഭിച്ചത്. ഹെൽത്ത് ഗ്രാന്റിന്റെ വരവും ചെലവും സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 3/26 തീയതി. 17.01.2026 നു ലഭ്യമാക്കിയ മറുപടിയുടെയും അനുബന്ധരേഖകളുടെയും അടിസ്ഥാനത്തിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Year | Diagnostic (₹) | Health & Wellness (₹) | Total (₹) |
|---|---|---|---|
| 2021-22 | 0 | 0 | 0 |
| 2022-23 | 3,69,396 | 1,79,872 | 5,49,268 |
| 2023-24 | 10,33,000 | 4,26,000 | 14,59,000 |
| 2024-25 | 4,32,000 | 6,78,000 | 11,10,000 |
| 2025-26 | 3,05,000 | 0 | 3,05,000 |

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ചെലവിട്ട തുകയുടെ വിവരങ്ങൾ (വർഷം, സ്കീം, ഇനം)

| വർഷം | Daignostic (₹) | Interest Received (₹) | Total (₹) | Expenditure (₹) | Balance (₹) |
|---|---|---|---|---|---|
| 2021-22 | Nil | Nil | Nil | Nil | |
| 2022-23 | 3,69,396 | 4,348 | 3,73,744 | 43,334 | 3,30,410 |
| 2023-24 | 10,33,000 | 22,082 | 10,55,082 | 2,83,802 | 11,01,690 |
| 2024-25 | 4,32,000 | 36,045 | 15,57,145 | 2,93,177 | 12,63,968 |
| Uncashed Exenditure | | | 92,614 | | |

3) ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ (പലിശ ഉൾപ്പെടെ)

| | | |
|---|---|---|
| 320100204 | Grants For Specific Purpose -Health Grant Towards Conversion Of PHCs And Subcenters Into Health And Wellness Ceners CHCs | ₹8,17,506/- |
| 320100202 | Grants For Specific Purpose -Health Grants Towards Support For Diagnostic Infrastrucure To The PHCs | ₹12,63,968/- |

4) നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളുടെ പേരുവിവരം

| വർഷം | പദ്ധതിയുടെ പേര് | ചെലവ് തുക (₹) |
|---|---|---|
| 2021-22 | | 0 |
| 2022-23 | 226/23 പെരിങ്ങമ്മല എഫ്.എച്ച.സി രോഗ നിർണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 43,334 |
| 2022-23 | 227/23 എഫ്.എച്ച്.സി. യിലും സബ്സെന്ററുകളിലും ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ | 0 |

| | | |
|---|---|---|
| 2023-24 | 420/25 എഫ്.എച്ച്.സി. യിൽ രോഗ നിർണയ സംവിധാനങ്ങൾ ഒരുക്കൽ | 19,565 |
| 2023-24 | 263/24 എഫ്.എച്ച്.സി ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ | 25,900 |
| 2023-24 | 218/24 എഫ്.എച്ച്.സിയിൽ രോഗ നിർണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 2,66,877 |
| 2023-24 | 219/24 എഫ്.എച്ച്.സിയും സബ്സെന്ററുകളും ഹെൽത്ത് & വെൽനസ് സെന്റർ ആക്കൽ | 1,58,065 |
| 2024-25 | 290/2024-25 എഫ്.എച്ച്.സിയിൽ രോഗ നിർണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 56,781 |
| 2024-25 | 291/2024-25 എഫ്.എച്ച്.സിയിൽ രോഗ നിർണയ സംവിധാനങ്ങൾ ഏർപ്പെടുത്തൽ | 2,36,396 |
| 2024-25 | 292/2024-25 എഫ്.എച്ച്.സിയും സബ്സെന്ററുകളും ഹെൽത്ത് & വെൽനസ് സെന്റർ ആക്കൽ | 21,838 |
| 2024-25 | 320/2024-25 എഫ്.എച്ച്.സിയും സബ്സെന്ററുകളും ഹെൽത്ത് & വെൽനസ് സെന്റർ ആക്കൽ | 2,96,058 |

5) ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ച് പൂർത്തിയായിട്ടില്ലയെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് ആയതിന്റെ വിവരം രജിസ്റ്ററിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി.

ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിച്ച് മാർഗ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 3/2024-25 തീയതി. 17.01.2026.

## 1-31 ജലജീവൻ മിഷൻ - അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര -സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജലജീവൻമിഷൻ.

05.07.2021 ലെ 533/2020/D.P.O/ തിരു/ ജെ.ജെ. എം നമ്പർ കുറിപ്പു പ്രകാരം സംസ്ഥാനത്തു നടപ്പിലാക്കുന്ന ജലജീവൻ മിഷന്റെ പ്രാധാന്യവും പദ്ധതി നിർവ്വഹണ തന്ത്രങ്ങളേയും കുറിച്ച് പരാമർശിച്ചിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള കുറിപ്പ് പ്രകാരം പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേന്ദ്ര സംസ്ഥാന വിഹിതം | 50:50 |
| സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം | 15% |
| ഗുണഭോക്തൃവിഹിതം | 10% |

ജലജീവൻപദ്ധതി പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് സ്ഥാപന വിഹിതമായും ഗുണഭോക്തൃവിഹിതമായും നാളിതുവരെ തുക കൈമാറിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറി ക്ക് മറുപടി ലഭ്യമാക്കി.

ജലജീവൻ മിഷൻ പദ്ധതിയ്ക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് പഞ്ചായത്തിന് തുക ലഭിച്ചിട്ടില്ല. എന്നാണ് ഓഡിറ്റ് എൻക്വയറി 6/2024-25 തീയതി. 17.01.2026ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-32 കോൺക്രീറ്റിൽ ഉപയോഗിച്ച സ്റ്റീലിന്റെ അളവ് നിശ്ചയിച്ചതിൽ അപാകം - അധികം നൽകിയ 946/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 195/24-25 | |
| പേര് | അംഗൻവാടികൾ നവീകരണം | |
| ഫണ്ട് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 11,49,869/- | 11,45,921/- |
| ആകെ | 11,49,869/- | 11,45,921/- |
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ | |
| കരാറുകാരൻ | ശ്രീ. നിഷാദ് എസ്. | |
| ഇ,എം ബുക്ക് നമ്പർ | **LSGD/CELSGD/EST/73306/2023_5_1_1** | |
| എസ്റ്റിമേറ്റ് തുക | **13,55,859/- രൂപ** | |
| കരാർ തുക | **13,52,588/- രൂപ** | |
| ബിൽ നമ്പർ/തീയതി | 76/07.06.2024-5,02,851/- രൂപ<br>137/23.07.2024-2,66,164/- രൂപ<br>463/24.02.2025-3,76,906/- രൂപ | |

Indian Standard -HIGH STRENGTH DEFORMED STEEL BARS AND WIRES FOR CONCRETE REINFORCEMENT— SPECIFICATION- IS 1786 (2008) ലെ ക്ലോസ് 6.2, ടേബിൾ 1 പ്രകാരം 1 മീറ്റർ നീളമുള്ള 8 Mm Dia സ്റ്റീൽ ബാറിന്റെ വെയ്റ്റ് 0.395 Kg ആണ്. മേൽ പദ്ധതിയിൽ അംഗൻവാടികളുടെ അറ്റകുറ്റപണികളുടെ ഭാഗമായുള്ള സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിനായി നൽകിയത് DSR 5.22.6 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ്.എം ബുക്ക് ഇനം 1.011, M.G.N:1_11_2 പ്രകാരം 0.90 മീറ്റർ നീളമുള്ള 18, 8mm Dia സ്റ്റീൽ ബാറുകളാണ് സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന് നൽകിയതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 1 മീറ്റർ 8 Mm Dia സ്റ്റീൽ ബാറിന്റെ വെയ്റ്റായ 0.395 Kg ക്ക് പകരം 0.90 Kg എന്ന് എം ബുക്കിൽ രേഖപ്പെടുത്തിയാണ് ആകെ

സ്റ്റീലിന്റെ അളവ് നിശ്ചയിച്ചത്. മേൽ അപാകത കാരണം ചുവടെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

| എം ബുക്ക് ഇനം.1.011, M.G.N:1_11_2 ൽ DSR 5.22.6 പ്രകാരം 8 Mm Dia സ്റ്റീൽ ബാറി ബാറിന്റെ വെയ്റ്റ് 0.90 Kg/Metre എന്ന് തെറ്റായി ഉൾപ്പെടുത്തി നിർവ്വഹിച്ച പ്രവൃത്തിയിലെ സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന്റെ അളവ് | പ്രവൃത്തിക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | കരാറുകാരന് അനുവദിച്ച തുക | 8mm Dia സ്റ്റീൽ ബാറിന്റെ വെയ്റ്റ് 0.395 Kg/Metre എന്ന് ഉൾപ്പെടുത്തി സ്റ്റീലിന്റെ അളവ് കണക്കാക്കിയാൽ എം ബുക്ക് ഇനം.1.011, M.G.N:1_11_2 ൽ DSR 5.22.6 പ്രകാരം സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിന്റെ അളവ് | കരാറുകാരന് അനുവദനീയമായ തുക | അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|
| 14.58000 Kg | 98 രൂപ/Kg | 1,428.84 രൂപ | 6.399 Kg | 627.10 രൂപ | 801.74 |

801.74 രൂപയും ആയതിന്റെ 18% ജി.എസ്.ടി ആയ 144.31 രൂപയും ചേർത്ത് ആകെ 946.05 രൂപ അധികമായി കരാറുകാരന് അനുവദിച്ചിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/22.01.2026 നുള്ള മറുപടിയിൽ എം ബുക്കിൽ മെഷർമെന്റ് രേഖപ്പെടുത്തിയപ്പോൾ പിശക് സംഭവിച്ചതാണെന്നും അധികമായി ചെലവായ തുക തിരിച്ചടക്കാനായി കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക (946/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിയിലെ അപാകത - അധികം നൽകിയ 1,641/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 267/24-25 | |
| പേര് | ഇരിയനാട് എം.സി.എഫ് ടോയ് ലറ്റ് നിർമ്മാണം | |
| ഫണ്ട് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
| വികസന ഫണ്ട്(ധനകാര്യ കമ്മീഷൻ അവാർഡ്) | 3,00,000/- | 2,67,668/- |
| ആകെ | 3,00,000/- | 2,67,668/- |
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ | |
| കരാറുകാരൻ | ശ്രീ. റഹിം എസ്. | |
| ഇ,എം ബുക്ക് നമ്പർ | **LSGD/CELSGD/EST/101450/2023_5_1_1** | |
| എസ്റ്റിമേറ്റ് തുക | **2,54,223/- രൂപ** | |
| കരാർ തുക | **2,51,401/- രൂപ** | |
| ബിൽ നമ്പർ/തീയതി | 93/25.06.2024-2,67,668/- രൂപ | |

മേൽ പദ്ധതിയിൽ എം.സി.എഫിൽ ടോയ് ലറ്റ് നിർമ്മിക്കുന്നതിന്റെ ഭാഗമായി പ്ലിന്ത് ബൽറ്റിന്റെ സെന്ററിംഗ് ആന്റ് ഷട്ടറിംഗിനായി നൽകിയത് DSR 5.9.3 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ്. DSR 5.9.3, Suspended Floors, Roofs, Landings, Balconies And Access Platform എന്നിവയുടെ സെന്ററിംഗ് ആന്റ് ഷട്ടറിംഗിനായി അനുവദനീയമായ സ്പെസിഫിക്കേഷനാണ്.പ്ലിന്ത് ബൽറ്റിന്റെ സെന്ററിംഗ് ആന്റ് ഷട്ടറിംഗിനായി അനുവദിക്കേണ്ടിയിരുന്നത് DSR 5.9.1 , Centering And Shuttering Including Strutting, Etc. And Removal Form For:Foundations, Footings, Bases Of Columns, Etc For Mass Concrete എന്ന സ്പെസിഫിക്കേഷനാണ്. DSR 5.9.3, DSR 5.9.1 എന്നീ സ്പെസിഫിക്കേഷനുകളുടെ അനുവദനീയമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ കോഡ്, പേര് | നിരക്ക് (കോസ്റ്റ് ഇൻഡക്സ് 35.59% ഉൾപ്പെടെ) |
|---|---|
| 5.9.1, Centering And Shuttering Including Strutting, Etc. And Removal Of Form For:Foundations, Footings, Bases Of Columns, Etc For Mass Concrete | 335.31/Sqm |
| 5.9.3. Centering And Shuttering Including Strutting, Etc. And Removal Of Form For: Suspended Floors, Roofs, Landings, Balconies And Access Platform | 815.75/Sqm |

പ്ലിന്ത് ബൽറ്റിന്റെ സെന്ററിംഗ് ആന്റ് ഷട്ടറിംഗിനായി നൽകിയത് DSR 5.9.3 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചതിനാൽ ചുവടെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

| DSR 5.9.3 പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്ക് | DSR 5.9.3 പ്രകാരമുള്ള പ്രവൃത്തിക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | DSR 5.9.3 പ്രകാരമുള്ള പ്രവൃത്തി എം ബുക്ക് ഇനം 1.006 പ്രകാരം നിർവ്വഹിച്ച അളവ് | കരാറുകാരന് അനുവദിച്ച തുക | DSR 5.9.1 പ്രകാരമുള്ള എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്ക് | DSR 5.9.1 പ്രകാരമുള്ള പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് | കരാറുകാരന് അനുവദനീയമായ തുക | കരാറുകാരന് അധികമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 815.75/Sqm | 815.75/Sqm | 2.895 Sqm | 2361.60 രൂപ | 335.31/Sqm | 335.31/Sqm | 970.72 രൂപ | 1,390.88രൂപ |

കരാറുകാരന് അധികമായി അനുവദിച്ച തുക – 1,390.88 രൂപ

ജി.എസ്.ടി ഇനത്തിൽ അധികമായി അനുവദിച്ച തുക (18%) - 250.36 രൂപ

കരാറുകാരന് അധികമായി അനുവദിച്ച ആകെ തുക – 1,641.24 രൂപ

അധിക ചെലവ് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 17/22.01.2026 നുള്ള മറുപടിയിൽ അധികമായി ചെലവായ തുക തിരിച്ചടക്കാനായി കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക (1,641/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിനായി സ്പെസിഫിക്കേഷൻ അനുവദിച്ചതിലെ അപാകത - അധികം നൽകിയ 650/- രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 171/24-25 | |
| പേര് | ആനാട് പഞ്ചായത്തിലെ അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ | |
| ഫണ്ട് | അടങ്കൽ (രൂപ) | ചെലവ് (രൂപ) |
| വികസന ഫണ്ട് (പൊതു വിഭാഗം സാധാരണ വിഹിതം) | 1,03,470/- | 1,03,470/- |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 4,37,322/- | 4,10,531/- |
| ആകെ | 5,40,792/- | 5,14,001/- |
| നിർവ്വഹണം | അസിസ്റ്റന്റ് എൻജിനീയർ | |
| കരാറുകാരൻ | ശ്രീ. ഷമീർ എസ്. | |
| ഇ,എം ബുക്ക് നമ്പർ | **LSGD/CELSGD/EST/6791/2022_5_1_1** | |
| എസ്റ്റിമേറ്റ് തുക | **11,86,339/- രൂപ** | |
| കരാർ തുക | **12,72,502/- രൂപ** | |
| ബിൽ നമ്പർ/തീയതി | 30/09.05.2024-1,03,470/- രൂപ<br>354/07.01.2025-4,10,531/- രൂപ | |

മേൽ പദ്ധതിയിൽ അംഗൻവാടികളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പ്ലിന്ത് ബൽറ്റിന്റെ കോൺക്രീറ്റിനായി നൽകിയത് DSR 5.3 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ്. DSR 5.3, Beams, Suspended Floors, Roofs, Having Slope Up To 150 Landings, Balconies, Shelves, Chajjas, Lintels, Bands, Plain Window Sills, Staircases And Spiral Stair എന്നിവയുടെ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിനായി അനുവദനീയമായ സ്പെസിഫിക്കേഷനാണ്. പ്ലിന്ത് ബൽറ്റിന്റെ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിനായി അനുവദിക്കേണ്ടിയിരുന്നത് DSR 5.1.2, All Work Up To Plinth Level: 1:1:5:3 (1 Cement 1.5 Coarse Sand :3 Graded Stone Aggregate 20 Mm Nominal Size എന്ന സ്പെസിഫിക്കേഷനാണ്. DSR 5.3, DSR 5.1.2 എന്നീ സ്പെസിഫിക്കേഷനുകളുടെ അനുവദനീയമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ കോഡ്, പേര് | നിരക്ക് (കോസ്റ്റ് ഇൻഡക്സ് 35.59% ഉൾപ്പെടെ) |
|---|---|
| 5.3, Reinforced Cement Concrete Work In Beams, Suspended Floors, Roofs, Having Slope Up To $15^0$ Landings, Balconies, Shelves, Chajjas, Lintels, Bands, Plain Window Sills, Staircases And Spiral Stair Cases Up To Floor Five Level Excluding The Cost Of Centering, Shuttering, Finishing And Reinforcement, With1:1.5:3 (1 Cement : 1.5 Coarse Sand (Zone III) : 3 Graded Stone Aggregate 20 Mm Nominal Size). | 11492.91/Cum |
| 5.1.2. Providing And Laying In Position Specified Grade Of Reinforced Cement Concrete, Excluding The Cost Of Centering, Shuttering, Finishing And Reinforcement - All Work Up To Plinth Level: 1:1:5:3 (1 Cement 1.5 Coarse Sand :3 Graded Stone Aggregate 20 Mm Nominal Size | 9085.13/Cum |

പ്ലിന്ത് ബൽറ്റിന്റെ റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിനായി DSR 5.3 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചതിനാൽ ചുവടെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

| DSR 5.3 പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്ക് | DSR 5.3 പ്രകാരമുള്ള പ്രവൃത്തിക്ക് കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് (7.4 % കൂടുതൽ) | DSR 5.3 പ്രകാരമുള്ള പ്രവൃത്തി എം ബുക്ക് ഇനം 4.009 പ്രകാരം നിർവ്വഹിച്ച അളവ് | കരാറുകാരന് അനുവദിച്ച തുക | DSR 5.1.2 പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നിരക്ക് | DSR 5.1.2 പ്രകാരമുള്ള പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് (7.4 % കൂടുതൽ) | കരാറുകാരന് അനുവദനീയമായ തുക | കരാറുകാരന് അധികമായി അനുവദിച്ച തുക |
